AR
150

MADRAS
GOVERNMENT ORIENTAL SERIES

No. LXXIX

അശ്വചികിത്സ

ASVACIKITSA

MADRAS GOVERNMENT ORIENTAL SERIES

Published under the authority
of the
Government of Madras

General Editor :
T. CHANDRASEKHARAN, M. A., L. T.,
Curator, Government Oriental Manuscripts Library,
Madras.

No. LXXIX

അശ്വ ചികിത്സ

AŚVACIKITSA

EDITED

BY

Dr. C. K. VELAYUDAN NAIR, G. M. V. C.,

Lecturer in Pharmacology,

Madras Veterinary College, Madras.

Printed at the Rathnam Press, Madras-1

GOVERNMENT ORIENTAL MANUSCRIPTS LIBRARY, MADRAS.

1951

Price Rs. 1-8-0

INTRODUCTION

The Government of Madras took up for consideration the question of publication of the various manuscripts in different languages on subjects like Philosophy, Medicine, Science, etc., early in May 1948. Important Manuscripts libraries in the Madras Presidency were requested to send a list of unpublished manuscripts with them for favour of being considered by the Government for publication. The Honorary Secretary of the Tanjore Maharaja Serfoji's Sarasvathi Mahal Library, Tanjore, alone complied with this request. This list as well as a similar list of unpublished manuscripts in the Government Oriental Manuscripts Library, Madras, were carefully examined and a tentative selection of manuscripts suitable for publication was made. The Government in their Memorandum No. 34913/48-101 Education, dated 4-4-1949, constituted an Expert Committee with the Curator of the Government Oriental Manuscripts Library, Madras, as the Secretary, for the final selection of manuscripts suitable for printing and for estimating the cost of publication.

The following are the members of the Committee:—

1. Sri T. M. Narayanaswami Pillai, M.A., B.L.,
2. ,, R. P. Sethu Pillai, B.A., B.L.,
3. ,, C. M. Ramachandra Chettiar, B.A., B.L.,
4. ,, R. Krishnamoorthy, (Kalki)
5. Dr. N. Venkataramanayya, M.A., Ph.D.,
6. Sri M. Ramanuja Rao Naidu, M.A., L.T.,
7. ,, V. Prabhakara Sastri.
8. ,, N. Venkata Rao. M. A.,
9. ,, H. Sesha Ayyangar.
10. ,, Masthi Venkatesa Ayyangar, M.A.,

11. Sri M. Mariappa Bhat, M.A., L.T.,
12. Dr. C. Achyuta Menon, B.A., Ph.D.,
13. ,, C. Kunhan Raja, M.A., D. Phil.,
14. ,, A. Sankaran, M.A., Ph.D., L.T.,
15. Sri P. S. Rama Sastri,
16. ,, S. K. Ramanatha Sastri,
17. Dr. M. Abdul Haq, M.A., D.Phil. (Oxon),
18. Afzul-ul-Ulama Hakim Khader Ahamed,
19. Sri P. D. Joshi,
20. ,, S. Gopalan, B.A., B.L.,
21. ,, T. Chandrasekharan, M.A., L.T.,

With the exception of Sri Masthi Venkatesa Iyengar, and Dr. C. Kunhan Raja, the above members continued to be members of the Expert Committee for 1950-51 also to which the following gentlemen were included in Govt. Memo. No. 7297-E/50—3, Edn., D/-19-5-'50 and Govt. Memo. No. 15875-E/50-4, Edn., d/7-9-'50.

1. Dr. A. Chidambaranath Chettiar, M.A., Ph.D.,
2. Sri S. Govindarajulu, B.A., B.L., LL.B., Bar-At-Law.
3. Capt. G. Srinivasamoorthy, B.A., B.L., M.B., & C.M.
4. Dr. Muhammad Hussain Nainar, M.A., Ph.D.,
5. Sri T. V. Subba Rao, B A., B.L.,
6. Principal, College of Indian Medicine, Madras.

The members of the Committee formed into Sub-Committees for the various languages, Sanskrit, Tamil, Telugu, Kannada, Malayalam, Mahrathi and Islamic Languages. They met during the month of May, 1949, at Madras and Tanjore to examine the manuscripts and make a selection. The recommendations of the Committee were accepted by the Govern-

ment and they decided to call these publications as the "MADRAS GOVERNMENT ORIENTAL SERIES," and appointed the Curator, Government Oriental Manuscripts Library, Madras, as the General Editor of the publications.

The following manuscripts were taken up for publication during 1949–50.

"A" FROM THE GOVERNMENT ORIENTAL MANUSCRIPTS LIBRARY, MADRAS.

TAMIL

1. Kappal Śāttiram.
2. Anubhava Vaidya Murai
3. Āttāṉakōlāhalam
4. Upadēśa Kāṇḍam
5. Cōlaṉ Pūrva Paṭṭayam
6. Koṅga Dēśa Rājākkaḷ
7. Sivajñāṉa Dīpam

TELUGU

1. Auṣadha Yōgamulu
2. Vaidya Nighaṇṭu
3. Dhanurvidyā Vilāsamu
4. Yōga Darśana Viṣayamu
5. Khaḍga Lakṣaṇa Śirōmaṇi

SANSKRIT

1. Viṣanārāyaṇīyam
2. Bhārgava Nāḍikā
3. Hariharacaturaṅgam
4. Brahmasūtravṛtti—Mitākṣarā
5. Nyāyasiddhānta Tattvāmṛtam

MALAYALAM

1. Garbha Cikitsā
2. a. Vāstulakṣaṇam
   b. Silpaviṣayam.
3. Mahāsāram
4. Kaṇakkusāram
5. Kriyākramam
6. Kaṇakkusāram-Bālaprabōdham.

KANNADA

1. Lōkōpakāra
2. Raṭṭamata
3. Aśvaśāstram
4. Vividha Vaidya Viṣayagalu
5. Saṅgītaratnākara
6. Sūpaśāstra.

ISLAMIC LANGUAGES

1. Jamil-Al-Ashya
2. Tibb-E-Faridi
3. Tahqiq-Al-Buhran
4. Safinat-Al-Najat

"B" FROM THE TANJORE MAHARAJA SERFOJI'S SARASVATHI MAHAL LIBRARY, TANJORE

TAMIL

1. Sarabhēndravaidya Murai (Diabetics)
2. Do (Eyes)
3. Agastiyar 200
4. Koṅkaṇarśarakku Vaippu
5. Tiruchirrambalakkōvaiyār with Padavurai

6. Kālacakram
7. Tāḷasamudram
8. Bharatanāṭyam
9. a. Pāṇḍikēli Vilāsam Nāṭakam
   b. Pūrūrava Cakravarti Nāṭakam
   c. Madana Sundara Vilāsa Nāṭakam
   d. Percy Macqueen's Collection in the Madras University Library on Folklore.
10. Rāmaiyaṉ Ammāṉai
11. Tamiḷ Pāṭalkaḷ including Paṭṭiṉattār Veṇbā and Vaṇṇaṅkaḷ

TELUGU

1. Kāmandakanītisāramu
2. Tāḷadaśāprāṇapradīpikā
3. a. Raghunātha Nāyaka Abhyudayamu
   b. Rājagōpāla Vilāsamu
4. Rāmāyaṇamu by Kaṭṭa Varadarāju

MAHRATHI

1. Nāṭyaśāstra Saṅgraha
2. a. Book of Knowledge
   b. Folk Songs.
   c. Dārā Darun Vēṇi Paddhati
   d. Aśvāsa Catula Dumaṇi
3. a. Pratāpasimhendra Vijaya Prabandha
   b. Sarabhēndra Thīrthāvaḷi
   c. Lāvaṇi
4. Dēvēndra Kuṟavañji
5. Bhakta Vilāsa
6. Slōka Baddha Rāmāyaṇa

SANSKRIT

1. Aśvaśāstra with Tricolour Illustrations
2. Rājamṛgāṅka
3. Cikitsāmṛtasāgara
4. Āyurvedamahodadhi
5. Gīta Govinda Abhinaya
6. a. Colacampū
   b. Sāhendra Vilāsa
7. Dharmākūtam - Sundara Kāṇḍa
8. Jātakasāra
9. Viṣṇutattvanirṇaya Vyākhyā
10. Saṅgīta Darpaṇa
11. Bījapallava

During 1950, only the Sub—Committees for TAMIL, TELUGU and KANNADA met in the month of July 1950 at Madras.

The following books were taken up for publication in the various languages in 1950–51.

TAMIL

1. Dakṣanāyanar–Vaidya-Aṭṭavaṇai.	...	Medicine.
2. Viśvāmitravākya.	...	"
3. Anubhavavaidyam. V. 3	...	"

TELUGU

1. Saivācārasaṅgrahamu.	...	Philosphy.
2. Anubhava Vaidyamu.	...	Medicine
3. Abhinayadarpaṇamu.	....	Dance.

SANSKRIT

1. Ārogyacintāmaṇi.	...	Medicine.
2. Tatvasāra with Ratnasāriṇi.	...	Philosophy.
3. Sutrārthāmṛta Lahari.	...	"

MALAYALAM

1. Aśvacikitsa. .... Medicine.
2. Phalasārasamuccaya. ... Astrology.

KANNADA

1. Vaidya Sāra Saṅgraha. ... Medicine.

It is hoped that the publication of most of the important manuscripts will be completed within the next four years.

Some of the manuscripts taken up for publication are represented by single copies in the Library and consequently the mistakes that are found in them could not be corrected by comparing them with other copies. The editors have, however, tried their best to suggest correct readings. The wrong readings are given in round brackets and correct readings have been suggested in square brackets. When different readings are found, they have been given in the foot-notes except in the case of a few books, in which the correct readings have been given in the foot-note or incorporated in the text itself.

The Government of Madras have to be thanked for financing the entire scheme of publication although there is a drive for economy in all the departments. My thanks are due to the members of the Expert Committee who spared no pains in selecting the manuscripts for publication. I have also to thank the various editors, who are experts in their own field, for readily consenting to edit the manuscripts and see them through the press. The various presses that have co-operated in printing the manuscripts in the best manner possible also deserve my thanks for the patience exhibited by them in carrying out the corrections made in the proofs.

This work is based on a paper manuscript available in the Government Oriental Manuscripts Library, Madras, bearing D. No. 148. $10\frac{3}{4}''$ X $10''$ in size with 45 pages, each containing 20 lines. Books on Veterinary Science are very few in Malayalam and it is expected that this book will be useful to the students of Veterinary Science.

Government Oriental Manuscripts Library, Madras.

T. CHANDRASEKHARAN,
General Editor,
Madras Govt. Oriental Series.

PREFACE

An attempt has been made in this publication to present in the form of a booklet the matter contained in the manuscript "Aśvacikitsa" (a treatise on the treatment of diseases of horses), The matter contained in the manuscript has been rearranged without, in any way, effecting any change in the list of drugs, their compositions and indications. In presenting this volume to the general public, it is earnestly believed that it will prove to be of use for those who are interested in horses and their management. This booklet owes its inception to the initiative taken by the Government Oriental Manuscripts Library in the collection and collation of old manuscripts. It is quite possible that many an old manuscript might still remain to be unearthed.

A number of useful treatises on the subject of the Indian indigenous drugs has appeared in the past, but almost all of them have been concerned with remedies for the alleviation of Human sufferings. Thus it is doubtful if there is any so far in existence which is of veterinary interest. Perhaps this volume may find a place amongst the first few of the type. The treatment discussed in this publication deals with the indigenous drugs only and hence at the outset itself, the subject may look very old. It is true that the subject is an old one, but it should be stated that it has not lost its interest with time. On the other hand it is attracting more attention especially now from the general public and from members of the professions, both medical and veterinary. In this connection it may not be out of place to say a few words about the Indian Indigenous drugs. The Indian indigenous drugs have great importance both from the professional and economic

points of view, particularly so, in the field of veterinary science in as much as the treatment of animals is greatly limited by economic considerations. The history of medicine in India can be traced to the ancient days of Ṛg Veda, one of the oldest repositories of human knowledge, believed to be written sometime between 4500 and 1600 B.C., The properties of drugs and their uses in the treatment of diseases are found discussed, in elaborate detail, in Āyurveda, which is in fact the very foundation stone of the ancient medical science of India. Āyurveda consists of several divisions or chapters which, in turn, deal with different aspects *viz.*, Surgery, Materia Medica, Therapeutics etc. Besides, there can also be found chapters dealing with the mode of administration of drugs, preparation of medicines and several other, valuable informations. Closely associated with Āyurveda are the works of Suśruta and Caraka. Suśurta's work deals with surgery, in particular while that of Caraka deals more with medicine. The science of Āyurveda and the other allied works referred to above are not entirely confined to human medicine. Mention has been made here and there about the medicaments that are used for the alleviation of sufferings of the different species of animals. History tells us how the great Indian emperor Aśoka organised veterinary medicine during his reign and how he opened many hospitals exclusively for animals. There are many evidences to prove that Indian medicine was at its zenith in the early periods of her civilization and that the knowledge of the Hindu physicians in the realm of drug therapy in human and animal diseases was far in advance of others.

The manuscript 'Aśvacikitsa' which has been rearranged to form this volume is, in all likelihood, a remnant of the old civilization of India. It deals with

a good number of drugs of plant origin that can be made use of in the treatment of the ordinary ailments of horses and camels. Almost all the medicinal plants from which the medicines under reference are obtained, grow wild in many parts of this country. Many are cultivated too. Besides, some of these belong to the allied species and have similar properties and actions as those of the imported and expensive remedies and would thus form excellent and cheap substitutes for the latter.

I did not have the good fortune of personally knowing the therapeutic efficacies of the various prescriptions dealt with in this volume but the fact that these prescriptions survived so long is itself a proof that these formulae merit extensive clinical trials.

The booklet is divided into 2 parts. The first part deals with the diseases of horses and their treatment. The second part briefly describes the remedial measures in the ordinary ailments of camels.

I wish to convey my deep sense of appreciation to Sri T. Chandrasekharan, M.A., L.T., Curator, Government Oriental Manuscripts Library who initiated me to an editorship for the first time, the outcome of which is this booklet.

C. K. VELAYUDHAN NAIR.

മുഖവുര.

‘അശ്വചികിത്സ’ എന്ന കയ്യെഴുത്തു ഗ്രന്ഥത്തിൽ കാണുന്ന ഔഷധയോഗങ്ങളും ചികിത്സാസമ്പ്രദായങ്ങളുമാണ് ഈ ചെറു പുസ്തകരൂപേണയുള്ള പ്രസിദ്ധീകരണത്തിലെ ഉള്ളടക്കം. മൂലഗ്രന്ഥത്തിലെ ഔഷധയോഗങ്ങൾക്കോ പ്രയോഗങ്ങൾക്കോ ഇതിൽ യാതൊരു മാററവും വരുത്തിയിട്ടില്ല. കുതിര മുതലായ മൃഗങ്ങളേയും രോഗബാധ കൂടാതെ വേണ്ടപോലെ രക്ഷിക്കേണ്ടതു് കടമയാണെന്നുള്ള ബോധമുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് ഈ പുസ്തകത്തിന്റെ ആവശ്യകതയെപ്പററി നിഷ്പ്രയാസം അറിയാവുന്നതാണ്. പഴയ കയ്യെഴുത്തു ഗ്രന്ഥങ്ങളെ ശേഖരിച്ചും സൂക്ഷിച്ചും പോരുന്ന മദിരാശി ഗവമ്മേണ്ടു് ഓറിയൻടൽ മനുസ്ക്രിപ്ട് ലൈബ്രറിയിൽ നിന്നാണ് ഈ ചെറു പുസ്തകത്തിന്റെ ആവിർഭാവം. ഇതുപോലെയുള്ള എത്രയോ ഗ്രന്ഥങ്ങൾ ഇനിയും ആരുടേയും ശ്രദ്ധയിൽ പെടാതെ അജ്ഞാതങ്ങളായിത്തന്നെ കിടക്കുന്നുണ്ടാവാം.

മനുഷ്യരുടെ രാഗാദിരോഗങ്ങളെ തടയാനുള്ളതും ഫലപ്രദങ്ങളുമായ നാടൻമരുന്നുകളെപ്പററി വിസ്തരിക്കുന്ന വളരെ ഗ്രന്ഥങ്ങൾ ഭാഷയിൽ കാണാം. എന്നാൽ കന്നുകാലികളുടെ താല്പര്യത്തെ പരിഗണിച്ചുണ്ടാക്കിയ പുസ്തകങ്ങൾ പുറത്തുവന്നിട്ടുണ്ടോ എന്ന് സംശയമാണ്. അശ്വചികിത്സ എന്ന പ്രസ്തുത ഗ്രന്ഥം ഒരുപക്ഷെ ഈ വിഷയത്തിൽ പ്രാഥമ്യമർഹിക്കുന്നതായിരിക്കും. ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള ചികിത്സാ സമ്പ്രദായങ്ങളെല്ലാം വെറും നാടൻമരുന്നുകളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണെന്നുള്ള വസ്തുത തന്നെ ഗ്രന്ഥത്തിന്റെ പൌരാണികത്വം വേണ്ടുവോളം വെളിപ്പെടുത്തുന്നുണ്ടു്. പഴക്കംചെന്ന സമ്പ്രദായമാണെങ്കിലും പരിഷ്കൃതലോകത്തിന്നുപററിയ പലസംഗതികളുമിതിലില്ലെന്നില്ല. വളരെ പഴക്കംചെന്ന ഈവകയോഗങ്ങളും പ്രയോഗങ്ങളും വൈദ്യത്തിലും മൃഗചികിത്സയിലും ഈടുപെട്ടിരിക്കുന്നവരുടെ ഗുരുതരമായ ശ്രദ്ധയെ ആകർഷിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്തിൽ നാടൻമരുന്നുകളെപ്പററി അല്പം പറയുന്നതു് അവസരോചിതമായിരിക്കുമെന്നു തോന്നുന്നു. ധാരാളം പണം ചിലവഴിച്ചും പണിപ്പെട്ടും മൃഗങ്ങളെ ചികിത്സിക്കാൻ ദുർഭിക്ഷം മിക്കവരേയും അനുവദിക്കാതിരിക്കുന്ന ഈവക സമയങ്ങളിൽ മിതവ്യയം

കൊണ്ടു് അനായാസേന സാധിക്കാവുന്ന നമ്മുടെ നാടൻ മരുന്നുകൾക്കുള്ള സ്ഥാനം പറയേണ്ടതില്ലല്ലോ. ക്രിസ്തുവിന്നു് 4500-ഉം 1600-ഉം കൊല്ലങ്ങൾക്കിടയിൽ എഴുതപ്പെട്ടതെന്നു വിശ്വസിച്ചുപോരുന്നതും മനുഷ്യവിജ്ഞാനത്തിന്റെ പഴയവിളനിലവുമായ ഋഗ്വേദത്തിൽ നിന്നു് പച്ചമരുന്നുകളുടെ പണ്ടത്തെ ചരിത്രം ഏറെക്കുറെ അറിയുവാൻ കഴിയും. ഭാരതീയവൈദ്യകലയുടെ അസ്ഥിവാരക്കല്ലായ ആയുർവ്വേദവും പച്ചമരുന്നുകളേയും അവയുടെ സാഫല്യത്തേയും പററി സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്. ആയുർവ്വേദത്തിൽ ശസ്ത്രക്രിയ, ഔഷധയോഗങ്ങൾ, ഫലങ്ങൾ മുതലായ വിഷയങ്ങളെ പ്രതിപാദിക്കുന്ന വിവിധ അദ്ധ്യായങ്ങൾ അടങ്ങിയിട്ടുണ്ടു്. ആയുർവ്വേദസംബന്ധമായ രണ്ടുമുഖ്യ ഗ്രന്ഥങ്ങൾ സുശ്രുതവും ചരകവുമാണ്. സുശ്രുതം മുഖ്യമായി ശസ്ത്രക്രിയയേയും ചരകം ഔഷധങ്ങളേയുമാണ് പ്രദിപാദിക്കുന്നതു്. ആയുർവ്വേദവും അതിനോടനുബന്ധിച്ചുള്ള മററു ഗ്രന്ഥങ്ങളും മനുഷ്യനുവേണ്ട മരുന്നുകളെ മാത്രമല്ല വിവരിക്കുന്നുള്ളു. ഇടക്കും തലക്കും മൃഗചികിത്സയേയും ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അശോകചക്രവർത്തിയുടെ കാലത്തുകൂടി നമ്മുടെ രാജ്യത്ത് മൃഗങ്ങളുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിഞ്ഞിരുന്നു. അശോകൻ തന്റെ ഭരണകാലത്തു് മൃഗബലിനിരോധിച്ചതിന്നും മൃഗചികിത്സക്ക് പ്രത്യേക വൈദ്യശാലകൾ ഏർപ്പെടുത്തിയതിന്നും ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. ഭാരതീയ വൈദ്യകലക്ക് ഭാസുരമായൊരു ഭൂതകാലമുണ്ടായിരുന്നുവെന്നും ഇവിടത്തെ വൈദ്യശാസ്ത്രജ്ഞന്മാർ മനുഷ്യരേയും മൃഗങ്ങളേയും ചികിത്സിക്കുന്നതിൽ മററുള്ളവരേക്കാൾ ഒരുപടി മുന്നണിയിലായിരുന്നുവെന്നുമുള്ള സംഗതികൾക്ക് ധാരാളം തെളിവുകൾ കാണാം. ഈ പ്രസിദ്ധീകരണത്തിന്നു് അടിസ്ഥാനമായ ‘അശ്വചികിത്സ’ എന്ന പഴയ കയ്യെഴുത്തുഗ്രന്ഥംതന്നെ പണ്ടത്തെ ഭാരതീയ സംസ്കാരത്തിന്റെ ഒരു വിശിഷ്ടാവശിഷ്ടമാണെന്നു പറയാം.

‘അശ്വചികിത്സ’യിൽ കുതിരകൾക്കും ഒട്ടകങ്ങൾക്കും സാധാരണയുണ്ടാകാറുള്ള പലരോഗങ്ങൾക്കും ചികിത്സിക്കാൻ പററിയ പച്ചമരുന്നുകൾ ധാരാളം കാണുന്നുണ്ടു്. മരുന്നിന്നു പററിയ പച്ചിലകളും ചെടികളും ഈ രാജ്യത്തു് പലസ്ഥലങ്ങളിലും ധാരാളം വിളയുന്നുണ്ടു്. പല ചെടികളും കൃഷിചെയ്യപ്പെടുന്നതുമുണ്ടു്. ഇവയിൽ പലതും എളിയതാണെങ്കിലും വെളിരാജ്യങ്ങളിൽനിന്നും വരുത്തുന്ന വിലപ്പിടി

ച്ചമരുന്നുകളോടുപോലും ഗുണംകൊണ്ടും ഫലംകൊണ്ടും കിടപിടിക്കുന്നവയാണ്.

ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന നാനാതരം യോഗങ്ങളെപ്പററിയോ അവയുടെ ഫലത്തെപ്പററിയോ നിർഭാഗ്യവശാൽ എനിക്കുള്ള അനുഭവം കുറവാണെങ്കിലും, വളരെക്കാലമായുള്ള അവയുടെ നിലനില്പുതന്നെയാണ് രോഗശമനത്തിൽ അവയ്ക്കു് അസാധാരണമായ കെല്പുണ്ടായിരിക്കുമെന്നുള്ളതിനു പ്രമാണം.

രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്ന ഈ ചെറുപുസ്തകത്തിലെ ആദ്യത്തെഭാഗം അശ്വചികിത്സയേയും രണ്ടാമത്തെഭാഗം ഒട്ടകചികിത്സയേയും പ്രതിപാദിക്കുന്നു.

ഈ പുസ്തകത്തെ വേണ്ടുന്ന പരിഷ്ക്കാരങ്ങളോടുകൂടി പ്രസിദ്ധം ചെയ്യുവാൻ പ്രേരിപ്പിച്ച ഗവമ്മേണ്ടു് ഓറിയൻടൽ മാനുസ്ക്രിപ്ട് ലൈബ്രറി ക്യൂരേട്ടരായ ശ്രീ. ടി. ചന്ദ്രശേഖരനവർകളെ ഞാൻ ഹാർദ്ദമായഭിനന്ദിച്ചുകൊള്ളുന്നു.

സി. കെ. വേലായുധൻ നായർ

ശ്രീ.

അശ്വ ചികിത്സ

കുതിരയെപ്പരിചോടു ഭരിക്കുവാൻ
ചതുരമായൊരുപായമറിഞ്ഞിടാൻ
മധുരമായൊരു കേരളഭാഷയാ
മതിയിലുള്ള മരുന്നു പറഞ്ഞിടാം.

കുതിരക്ക് ഭക്ഷണത്തിന്നു രുചിക്കുറവുള്ളപ്പോൾ കൊടുക്കുവാൻ മരുന്ന്

ഇഞ്ചിപലം അര, കുരുമുളക് പലം അര, വെളുത്ത ഉള്ളി കഴഞ്ച് കാൽ, കടുകുരോഹിണി കഴഞ്ച് ഒന്ന്, ഇവകൾ പൊടിച്ചു നാലുനാൾ മുടക്കംകൂടാതെ വെല്ലത്തിലോ ഭക്ഷണത്തിലോ കലന്നു കൊടുക്കുക. മേൽപ്പറഞ്ഞ മരുന്നുകൊണ്ടു പുല്ലും കാണവും ശരിയായി തിന്നാതിരുന്നാൽ താഴെവിവരിച്ച മരുന്നുകൾ കൊടുക്കുക.

1. കപ്പൽമുളക് പലം കാൽ, പുകയില ഒന്ന്, ആവണക്കിൻ വേരിൻതൊലി ഒരുപിടി, ഇന്തുപ്പ് ഒരുകഴഞ്ച്, ഇവകൾ ഉണക്കിപ്പൊടിച്ച് മേൽപറഞ്ഞവിധം കൊടുക്കുക.

2. കപ്പൽമുളക് പലം രണ്ട്, അയമോദകം പലംരണ്ട്, മഞ്ഞൾ പലംരണ്ട്, കല്ലുപ്പ് പലം രണ്ട്, കായം പലം രണ്ട്, ഗുൽഗുലു പലം ഒന്ന്, കടുകുരോഹിണി പലം ഒന്ന് ഇവഓരോന്നും വെവ്വേറെ പൊടിച്ച് നാലുപലം എരുക്കിൻപൂവുംകൂട്ടി ഇടിച്ച് ഓരോ ചെറുനാരങ്ങ പ്രമാണംഉരുട്ടി ഓരോദിവസം ഇടവിട്ടുകൊടുക്കുക. ഈമരുന്ന് 5 പ്രാവശ്യത്തിലധികം കൊടുപ്പാൻ പാടുള്ളതല്ല.

3. ചുണ്ടിൻെറ വീക്കംനിമിത്തം പുല്ലുതിന്നാതെ നിന്നാൽ കറുത്തഉപ്പും വെററിലയുംകൂടി മുകളിലെ ചുണ്ടിന്നുള്ളിൽ രക്തംവരു

വോളംതേക്കുകയും കാലത്തു വെള്ളംകൊടുക്കാതെനിൎത്തി ഉച്ചതിരിഞ്ഞു, വെള്ളംകൊടുക്കുകയും ചെയ്യുക. ഇങ്ങിനെ ചെയ്താൽ കുതിര ശരിയായി പുല്ലുതിന്നുന്നതാണ്

ശരിയായി വെള്ളം കുടിക്കാതിരുന്നാൽ കൊടുക്കുവാനുള്ള മരുന്ന്

ഒരു ഉറുപ്പികത്തൂക്കം ചുക്ക്, ഒരു ഉറുപ്പികത്തൂക്കം ഇന്തുപ്പ് പൊൻകാരം കഴഞ്ച് അര, മുരിങ്ങയുടെതൊലി പലംകാൽ, ഇവകൾ ഒന്നിച്ച് ഇടിച്ചു വെള്ളംകൊടുക്കുന്നതിന്ന് ഒരു മണിക്കൂർമുമ്പെ കൊടുക്കുക. ഈമരുന്ന് ഫലിക്കാതെവന്നാൽ താഴെവിവരിച്ച മരുന്നുകൾ കൊടുക്കുക.

1. കല്ലുപ്പ് പലം അര, മഞ്ഞൾ പലംകാൽ, ചങ്ങലംപരണ്ട പലംകാൽ ഇവ കൂട്ടിഇടിച്ച് വെള്ളംകൊടുക്കുന്നതിന്ന ഒരുമണിക്കൂർ മുമ്പെ കൊടുക്കുക.

2. ചുക്ക്, ഗന്ധകം, വെടിയുപ്പ്, ഇവ ഓരോന്നും ഓരോ ഉറുപ്പികത്തൂക്കം എടുത്തു ശീലപ്പൊടിയാക്കി ഇന്തുപ്പ്, പൊങ്കാരം ഇവ ഓരോന്നും ഓരോ ഉറുപ്പികത്തൂക്കം വറുത്തുചേൎത്തു മുരിങ്ങയില പിഴിഞ്ഞനീററിൽ കുഴച്ച് സമം മൂന്നുരുളകളാക്കി ഓരോ ഉരുളവീതം രാവിലെ തീനികൊടുത്ത ഉടനെ കൊടുക്കുക.

ദഹനക്കുറവിന്ന് മരുന്ന് :—

മഞ്ഞൾ പലംനാല്, മുളകുപലം നാല്, വിഴാലരി പലംനാല്, കടുകരോഹിണി പലംനാല്, കായം പലം നാല്, ഗുൽഗുലു പലംനാല്, ഇവയെല്ലാം ഒന്നിച്ചുപൊടിച്ച് ശീലപ്പൊടിയാക്കി അതിൽനിന്ന് ഒരുപിടി പൊടിയെടുത്തു ഇഞ്ചിനീററിൽകുഴച്ച് ദിവസംതോറും കാലത്ത് കൊടുക്കുക.

സവാരികഴിഞ്ഞു് കുതിരയെ ലായത്തിൽ കെട്ടിയ ഉടൻ കൊടുക്കേണ്ട മരുന്ന് :—

മഞ്ഞൾ ഒരുപലം, നല്ലമുളക് ഒരുപലം, ചുകന്നഉള്ളി ഒരുപലം ഇവ കൂട്ടിഇടിച്ചു തീനിയിൽ ചേൎത്തികൊടുക്കുക,

വളരെ വഴിദൂരംഓടി കുതിര ക്ഷീണിച്ചുപോയാൽ
കൊടുക്കേണ്ട മരുന്ന് :—

ചുക്ക്, കടുകുരോഹണി, തിപ്പലിമൂലം, കടുക, കായം, കറുപ്പ്, പൊങ്കാരം, ഇവഓരോന്നും ഓരോ ഉറുപ്പികത്തൂക്കം; വിഴാലരി, നല്ലമുളക്; ഇവരണ്ടും നന്നാലുറുപ്പികത്തൂക്കം; ഈ മരുന്നുകളെല്ലാം മുരിങ്ങത്തൊലിനീററിൽ അരച്ച് കഴഞ്ചിക്കുരുപ്രമാണം ഗുളികകളാക്കി ഉരുട്ടി ഒരോ ഗുളികവീതം പുല്ലിൽപൊതിഞ്ഞു കൊടുക്കുക.

പത്തൊപന്ത്രണ്ടോ നാഴികവഴി സവാരിചെയ്ത കുതിരയെ
ലായത്തിൽ കെട്ടുമ്പോൾ താഴെപറയുന്ന
മരുന്നുകൾ കൊടുക്കുക : —

മഞ്ഞൾപലംഅര, നല്ലമുളക് പലംഅര, കാട്ടുജീരകം പലംഅര, കറുപ്പ് കഴഞ്ച് മുക്കാൽ, വെളുത്തുള്ളി പലം കാൽ, ശക്കര പലം രണ്ട് ഇവ കൂട്ടിഇടിച്ച് ഒഴക്ക് നെയ്യുംകൂട്ടി കൊടുക്കുക.

ജീനി (Saddle) കെട്ടുന്നഭാഗത്ത് നീര്‌വന്നാൽ:—

രണ്ടിടങ്ങഴി ഉപ്പു കലത്തിലിട്ട് വറുത്ത് ഏഴുകിഴികളാക്കിക്കെട്ടി സുമാർ ഒരു മണിക്കൂർനേരം നീരുള്ളഭാഗത്ത്ഒത്തണം (fomenation) കൊടുക്കുക.

കുതിരക്ക് ലഗാൻഇട്ടു വായിൽ മുറിവേററാൽ:—

കാൽപലം മഞ്ഞളും ഒരുപിടി ഉപ്പുംകൂട്ടി അരച്ചു മുറിവോ പുണ്ണോ ഉള്ളഭാഗത്ത് മൂന്നോനാലോ പ്രാവശ്യം പുരട്ടുക.

കുതിരയുടെ കാലുകളിൽ മുറിവേററാൽ:—

മേൽപറഞ്ഞ പ്രകാരം ഉപ്പുകിഴികൊണ്ട്ഒത്തണംകൊടുക്കുകയും കാൽപലം മഞ്ഞളും ഒരുപിടി ഉപ്പുംകൂട്ടി നീലത്തുമ്പച്ചാറിൽ അരച്ചു പുരട്ടുകയും ചെയ്യുക.

കുതിരയുടെ കാലിൽ ലാടംതറക്കുമ്പോൾ ആണി വല്ലാതെ ഇറങ്ങിപ്പോയാൽ മാടോടോ അല്ലെങ്കിൽ പുതുക്കലത്തിന്റെ കഷണമോ കൊണ്ടുവന്നു തിയ്യിലിട്ടുപഴുപ്പിച്ചു അതിൻമീതെ ഏഴുഎരിക്കിലകൾ വെച്ചു കുതിരയെ അായതിന്റെമീതെ ചവിട്ടിക്കുക. ഇങ്ങിനെ ഇരുപ ത്തൊന്നു പ്രാവശ്യം മാറിമാറി ചവിട്ടിക്കുക. മേൽപറഞ്ഞ പ്രകാരം മൂന്നുദിവസം ചവിട്ടിച്ചതിൽപ്പിന്നെ ഭേദം വന്നില്ലെങ്കിൽ അരപ്പലം ചേരിൻകുരു കൊണ്ടുവന്ന് നന്നാലായിട്ടുവെട്ടി അരയിടങ്ങഴി എണ്ണയിലിട്ടു വറുത്ത് ആ എണ്ണ ഇളംചൂടോടുകൂടി ഒഴക്കിഴ്ശഴക്കിഴ്ശയായി കാലിന്റെ കുളമ്പിൽ ചാണകംകൊണ്ടു വളച്ചു ഏഴുപ്രാവശ്യം ഒഴിക്കുക. ഇങ്ങിനെ മൂന്നുദിവസം ഇടവിടാതെ ചെയ്താൽ കാലിന്റെ വേദന സുഖമാവുന്നതാണ്.

കുതിര ഓടുന്നസമയം മുൻകാൽമടങ്ങി വീണുപോയാലോ
ഇല്ലെങ്കിൽ പെട്ടെന്നുകാൽകുത്തി ഇരുന്നുപോയാലൊ
താഴെവിവരിച്ച ചികിത്സ ചെയ്യുക:—

ആടിനെഅറുത്തു ചോരയെടുത്തു നെഞ്ഞത്തും കുറിക്കിലുമായി രണ്ടുമണിക്കൂർനേരം നന്നാലു്കുതിരക്കാർ നിന്നുതേക്കുക. അതിന്നു ശേഷം വെയിലത്തുകെട്ടി രണ്ടുമണിക്കൂർനേരം മാല്പീശ (Massage) ചെയ്യുക. പിന്നീട് കുതിരയെ മഴയുംമഞ്ഞുംതട്ടാതെ ഒരുസ്ഥലത്തു ഏഴുദിവസംകെട്ടുകയും എട്ടാംദിവസം കുളിപ്പിച്ച്‌ലായത്തിൽ കേട്ടുകയും ചെയ്യുക.

അതിന്നുശേഷം ദിവസംതോറും ഉടമ്പ്കമ്പളം കൊടുക്കുകയും അതിന്നു പുറമെ മൂന്നിടങ്ങഴി ആട്ടിൻപാലിൽ അഞ്ചുപലം മഞ്ഞപ്പൊടിയും അഞ്ചുപലം കാട്ടുജീരകപ്പൊടിയും കൂട്ടിക്കലക്കിയതു് നെഞ്ഞത്തുംകുറുക്കിലും പുരട്ടി രണ്ടുകുതിരക്കാർ മാലിസ്സ്‌ചെയ്യണം. വൈകുന്നേരം തീനികൊടുക്കുമ്പോൾ അതിൽഒഴക്ക് പന്നിനെയ്യ് ചേർത്തുകൊടുക്കുക. ഇങ്ങിനെ നാല്പതുദിവസം ചെയ്യുക. മേൽപറഞ്ഞ ചികിത്സനടക്കുന്ന സമയം പതിപ്പത്തുദിവസത്തിൽ ഒരുപ്രാവശ്യം കാച്ചിയ വെള്ളംകൊണ്ടു കുതിരയെ കുളിപ്പിക്കുക. ഈ ചികിത്സ കുതിരയുടെ കുറുക്കിലോ നെഞ്ചിലോഉണ്ടാകുന്ന ചില്ലറദീനങ്ങളെ സുഖപ്പെടുത്തുന്നതാണ്.

കുറുക്കിൽദീനം വന്നാൽ കൊടുക്കേണ്ടും മരുന്നുകൾ :—

കറുത്ത കരിമ്പടം ചുട്ടു വെള്ളത്തിൽ കലക്കി തെളിയിച്ചു ആ വെള്ളം കൊടുക്കുക. ആയതുകൊണ്ടു നിന്നില്ലെങ്കിൽ പന്ത്രണ്ടുറുപ്പികത്തൂക്കം പുളി ഒരിടങ്ങഴി വെള്ളത്തിൽ കലക്കി തെളിയിച്ചു ആ വെള്ളം കൊടുക്കുക. അതുകൊണ്ടും നിന്നില്ലെങ്കിൽ അരപ്പലം കപ്പൽമുളകും ഒരു പുകയിലയും ഒരുപിടി ആവണക്കിന്റെ വേരിന്മേലെ തൊലിയും ഒരുപിടി വേപ്പിൻ ഞെട്ടിയും ഒരുപിടി കാട്ടുജീരകവും ഒരുപിടി കഴഞ്ചി ഇലയും ഇടിച്ചു മൂന്നുസമഭാഗങ്ങളാക്കി അതിൽ ഒരുഭാഗം കൊടുക്കുകയും അതിന്നുശേഷം കുതിരയെ വെളിയിൽ കൊണ്ടുവന്ന് കുറച്ചുനേരം നടത്തുകയും ചെയ്യുക. ഇങ്ങിനെ ചെയ്താൽ ഭേദമാകുന്നതാണ്.

നെഞ്ഞത്തും കുറുക്കിലും ദീനമുള്ള കുതിരയെ കുളിപ്പിപ്പാൻ:—

നാലുറാത്തൽ ലന്തപ്പഴവും നാലുറാത്തൽ ചാമവയ്ക്കോലും ഇട്ടു വെള്ളം കാച്ചി ലന്തപ്പഴവും ചാമവയ്ക്കോലും എടുത്തുകളഞ്ഞ് ആ വെള്ളം ഉപയോഗിക്കുക. ഈ വെള്ളം കൊണ്ട് നെഞ്ഞത്തും കുറുക്കിലും ഒത്തണം കൊടുക്കുകയും കുളിപ്പിക്കുകയും ചെയ്യാം. വെള്ളക്കുതിരയെ കുളിപ്പിക്കുന്നതിന്നുമുമ്പ് മൂന്നുപലം ചവർക്കാരം പന്ത്രണ്ടു കോഴിമുട്ടയുടെ വെള്ളയിൽ നല്ലവണ്ണം അടിച്ചു ഹയാലിലും വാലിലും പുരട്ടുക. പിന്നീട് കുതിരയെ മേൽപ്രകാരം പുരട്ടിയ മരുന്ന് ഉണങ്ങുന്നതുവരെ വെയിലത്തു കെട്ടിയശേഷം കുളിപ്പിക്കുക. ഇങ്ങിനെ ചെയ്താൽ കുതിര നല്ലനിറം വെയ്ക്കുന്നതാണ്.

കുതിര മഴനനഞ്ഞുപോയാൽ ചെയ്യേണ്ടും ചികിത്സ :—

കാൽപലം വയമ്പ് ചുട്ടിട്ടും കാൽപലം വയമ്പ് പച്ചയായിട്ടും കൂട്ടി ഇടിച്ചു പുല്ലിൽ പൊതിഞ്ഞു കൊടുക്കുക. ഈ ചികിത്സകൊണ്ടു കുതിരയുടെ കൈകാൽ വിറയൽ നിന്നില്ലെങ്കിൽ ഒരുറുപ്പികത്തൂക്കം കായം പൊടിച്ചു വെല്ലത്തിൽ പൊതിഞ്ഞു കൊടുക്കുക. ഇല്ലെങ്കിൽ ഓരോ വരാഹൻതൂക്കം ചളിപ്പൊൻകാരം പൊടിച്ചതും പുകയിലയും കുരുമുളകും, കായവും ഒരുകഴഞ്ച് കടുകരോഹിണിയും കൂട്ടി ഇടിച്ചു കൊടുക്കുക. കുതിര വളരെ അധികം മഴനനഞ്ഞാൽ മേൽവിവരിച്ച മരുന്നു കൊടുക്കാവുന്നതാണ്.

കഠിനവെയിൽ നിമിത്തം ചൂടേറിപ്പോയാൽ ചെയ്യേണ്ടും ചികിത്സ :—

1. ഒരു പലം കൊത്തമ്പാലരിയും ഒരു പലം പുളിഞരമ്പും കൂടി ഒരിടങ്ങഴി വെള്ളത്തിൽ ഇട്ടു രാത്രിമുഴുവനും മഞ്ഞത്തു വെച്ചു അതികാലത്തു കൊടുക്കുക.

2. കിച്ചടിക്കായ നാലായിപൊളിച്ചു കാൽപലം കൽക്കണ്ടം അതിൽവെച്ചു ദിവസന്തോറും രാവിലെ കൊടുക്കുക.

3. ഉരി മലർപൊടി ഒരുതുണിയിൽകെട്ടി പത്തിടങ്ങഴി വെള്ളത്തിൽ ഇട്ടു രാത്രിമുഴുവനും മഞ്ഞത്തുവെച്ചു അതിൽ അരപ്പണത്തൂക്കം കസ്തൂരി ചേർത്തു കൊടുക്കുക. മേൽപറഞ്ഞ ചികിത്സകൾ ക്രമത്തിൽ ചെയ്തു കൊള്ളേണ്ടതാണ്.

മൂത്രച്ചൂടിന്നും മൂത്രേന്ദ്രിയങ്ങളിൽ കല്ലുകൾ വന്നാലും ചെയ്യേണ്ടുന്ന ചികിത്സ:—

കാൽപലം മുളക്കൂമ്പും കാൽപലം കല്ലൂർപതിയുടെ വേരിന്മേൽ തൊലിയുംകൂടി ഉരിപാലിൽ അരച്ച് ഉരുട്ടികൊടുക്കുക. കാലിടങ്ങഴി പനിനീർകൊണ്ടു മൂന്നുനേരവും മൂത്രേന്ദ്രിയങ്ങളിൽ ശരിയായി ധാരയിടുകയും ചെയ്യുക.

കുതിരക്കു ചൊറിവന്നാൽ ചെയ്യേണ്ടും മരുന്നുകൾ:—

കടലാടിസമൂലം കൊണ്ടുവന്ന് നിഴലിലുണക്കി അതുചുട്ട് നല്ലെണ്ണയിൽ കുഴച്ചു ചൊറിപിടിച്ചേടത്തു ചെങ്കല്ലുകൊണ്ട് തേച്ചു അതിന്നുമീതെ പുരട്ടുക. ഇങ്ങിനെ മൂന്നുദിവസം ചെയ്യുക. നാലാം ദിവസം ചീനിക്കകൊണ്ടു കഴുകി പച്ചവെള്ളത്തിൽ കുളിപ്പിക്കുക. ഇങ്ങിനെ മൂന്നാവൃത്തി അതായത് ഒമ്പതുദിവസം മരുന്നു ഇടേണ്ടതാണ്.

ഓടുമ്പോൾ കീഴേവീണോ മററൊരു കുതിരയുമായി കടിച്ചോ കുതിരക്കു മുറിവേററാൽ ചെയ്യേണ്ടും ചികിത്സ

കാവിമണ്ണ് പലംരണ്ടു്, കറുപ്പ്പലം അര ഈ മരുന്നു രണ്ടും അര ഇടങ്ങഴി നല്ലെണ്ണയിൽകലക്കി മുറിവുള്ളേടത്തുതേച്ചു മാല്പിസ്സ് ചെയ്യണം. ഇങ്ങിനെ മൂന്നുദിവസം ചെയ്യുക. നാലാംദിവസം മുതൽ താഴേവിവരിച്ച മരുന്നുകൾ ഉപയോഗിക്കേണ്ടതാണ്. മുതിരപുഴുങ്ങിയവെള്ളം, എരുമമൂത്രം, എരുമച്ചാണകം, നൊച്ചിയില, പുളിയില, വേപ്പില, എരിക്കില, ഉമ്മത്തില, കഴഞ്ചിയില ഇവകൾ എല്ലാംകൂട്ടി ഇടിച്ചുനീരെടുക്കുക. ഇതിൽ ജോനകപ്പുല്ലിൻപൊടി ഇടങ്ങഴിഒന്നും ഉപ്പ് ഇടങ്ങഴി ഇരുപത്തൊന്നുംകൂട്ടി ഒരുപാത്രത്തിൽ അടുപ്പത്തുവെച്ചു തിളപ്പിച്ച് ചൂടാറിയതിന്നുശേഷം കുതിരയുടെമേൽ തേക്കുക. ഈ മരുന്നുചെയ്യുമ്പോൾ അകത്തേക്കു മരുന്നു കൊടുക്കേണ്ടതില്ല.

കണ്ണിൽ അടിപെട്ടാൽ ചെയ്യേണ്ടും ചികിത്സ

പാകുരുവിൻ പരിപ്പു, കസ്തൂരിമഞ്ഞൾ ഇവ രണ്ടുകൂട്ടവും കൂട്ടി ചെറുനാരങ്ങ നീററിൽ അരച്ച് കണ്ണിനകത്ത് എഴുതണം. അതുകൊണ്ടു ഭേദംവന്നില്ലെങ്കിൽ അടികൊണ്ടഭാഗത്തു ചൂടുവെക്കുക.

കണ്ണിൽ പുഴവന്നാൽ ചെയ്യേണ്ടുന്ന മരുന്ന്

കോഴിമുട്ടയുടെ ഓട് അകത്തെ വെള്ളകളഞ്ഞു് എരിക്കിൻപാലിലിട്ടു ഏഴുദിവസം വെയിലത്തുവെച്ച് ഉണക്കി മൂശയിലിട്ടു സ്ഫുടംചെയ്തു ശീലപ്പൊടിയാക്കി അതിൽനിന്നു കുറേശപൊടി എടുത്ത് കണ്ണിൽ മൂന്നുനേരവും വിതറണം. ഇതുകൊണ്ട് ഭേദംവന്നില്ലെങ്കിൽ ഒരുചുണ്ടങ്ങയോളം വെണ്ണയിൽ ഒരു നീർവ്വാളത്തിൻകുരു അരച്ച് കണ്ണിൽ എഴുതണം. മേൽപറഞ്ഞ ചികിത്സകൊണ്ടും ഭേദംവന്നില്ലെങ്കിൽ കണ്ണുകീറി പുഴഎടുത്തു കളഞ്ഞുകൊള്ളുക.

കുതിരക്കു ശൂലദീനം വന്നാൽ കൊടുക്കേണ്ടും മരുന്നുകൾ

കുമരിമണ്ണ് ഒരിടങ്ങഴി കൊണ്ടുവന്നു ഒരുകലത്തിൽ രണ്ടിടങ്ങഴി വെള്ളംവെച്ച് ആ വെള്ളത്തിൽ ഇട്ടുകലക്കി അടുപ്പത്തുവെച്ച് തിള

പ്പിച്ച് അതിൽനിന്നു അരഇടങ്ങഴി വെള്ളം എടുത്തു അരിച്ചു കൊടുക്കുക.

" അരതങ്ക " എന്ന ദീനത്തിന്നു ചികിത്സ

ഒരു നാളികേരം ചിരകിയതും ഒററച്ചുളയുള്ള വെള്ളവെങ്കായം നാലുപലവും കൂട്ടി ഇടിച്ച് കൊടുക്കുക. ഇങ്ങിനെ മൂന്നു ദിവസത്തോളം ചെയ്യുക. മേൽപറഞ്ഞചികിത്സ ഫലിക്കാതെ വന്നാൽ താഴെ വിവരിച്ച മരുന്നുകൾ കൊടുക്കാവുന്നതാണ്. മൂന്നരപ്പലം ഇന്തുപ്പ് ഒരിടങ്ങഴി ആട്ടിൻപാലിൽ ഇട്ടു ഒരു ചട്ടിയിൽഒഴിച്ചു അതിന്റെ മീതെ ഒരു ശീലകെട്ടിയതിൽ ഗുൽഗുലുവുമിട്ടു മററൊരുചട്ടികൊണ്ടു അടച്ച് ചുററുംമണ്ണുതേച്ച് അടുപ്പത്തുവെച്ചു വേവിക്കുക. പാലും ഗുൽഗുലുവും ഒന്നിച്ചുകൂട്ടിയതിന്നുശേഷം അതു എടുത്തു ഓരോ ചെറുനാരങ്ങ പ്രമാണം ഉരുട്ടി ദിവസവും കാക്കകരയുന്നതിന്നുമുമ്പേ കൊടുക്കുക ഈ മരുന്നു കൊടുക്കുമ്പോൾ വയ്ക്കോലും കാണവും കൊടുക്കാം. വെള്ളംചൂടുപിടിപ്പിച്ചു ആറിച്ചുകൊടുക്കണം. ഇതുകൊണ്ടും ദീനം ഭേദമായില്ലെങ്കിൽ ഇന്തുപ്പ്, എരിക്കിൻമൊട്ട് ഇവകൾ ഓരോന്നും പതിന്നാലുപലം എടുത്ത് ഒന്നിച്ച് ഇടിച്ച് ഓരോമാങ്ങപ്രമാണം ഉരുട്ടി ഏഴ ദിവസം ഈരണ്ടുനേരവും കൊടുക്കുക. ഈ മരുന്നു കൊടുക്കുമ്പോൾ വെള്ളം ചൂടുപിടിപ്പിച്ച് ആററിക്കൊടുക്കേണ്ടതാണ്.

കുതിരക്കു ദേഹപുഷ്ടിവരുവാൻ കൊടുക്കാവുന്ന ടോണിക്കുകൾ

1. സാധാരണ ടോണിക്ക് :—

മുളക്, കാട്ടുജീരകം, മഞ്ഞൾ, ചുക്ക്, അതിവിടയം, ഇന്തുപ്പു, ഉപ്പ്, കടുക്, കടുകരോഹിണി, അയമോദകം, കരിഞ്ചീരകം, കൊട്ടം, ഗെന്ധപീഡ, വെളുത്ത ഉള്ളി, അയമോദകത്തിൻ ഉമി, കൊലയം, പൊങ്കാരം, ചീനക്കാരം, വയമ്പ്, അക്കിക്കറുക, ചിത്തരത്ത, പേരരത്ത, എലശങ്കം, വെപ്പെട്ട, മുരിങ്ങവേരിന്മേൽ തൊലി, എരിക്കിൻവേരിന്മേൽ തൊലി, വെക്കുമ്പിടിവേരു് ആട്ടുതിന്നാത്ത എടകഴഞ്ചിക്കുരുവിൻ പരുപ്പ്, കൊഴിഞ്ഞിൽവേരു്, ഈവക മരുന്നുകൾ കൈയ്യും വെയിലത്തുവെച്ചു ഒണക്കി ശീലപ്പൊടി

യാക്കി ചാരായത്തിൽകുഴച്ചു ഓരോ ചെറുനാരങ്ങപ്രമാണം ഉരുട്ടി നന്നാലുനാൾ കൂടുമ്പോൾ ഒരിക്കലോ എട്ടുനാളിൽ ഒരിക്കലോ കൊടുക്കുക.

2. നരിയും ഉടുമ്പും ചേർത്ത ടോണിക്ക് :—

നരിയെ ജീവനോടെപിടിച്ചു പുറത്തുചോരകാണാതെ കൊന്നു തിയ്യിലിട്ടുരോമം കരിച്ച് കഷ്ണംകഷ്ണമായി നുറുക്കി വെള്ളംഒഴിച്ചു വേവിക്കുക. വേവുന്നസമയം നെയ്യ്, എണ്ണ, ആവണക്കെണ്ണ ഇവ ഓരോന്നും അര ഇടങ്ങഴിവീതം ഒഴിക്കുക. വെന്ത ഉടൻ എല്ലുകളൊക്കയും പെറുക്കിനീക്കി ഒരുപാത്രത്തിൽ വെക്കുക. പുറമേ കടുക്, കാട്ടുജീരകം, അതിവിടയം, കസ്തൂരിമഞ്ഞൾ, ആശാളി, ചുക്ക്, മഞ്ഞൾ, ഇഞ്ചി, വെള്ളവെങ്കായം, മുളക് ഈവക മരുന്നുകൾ ഓരോന്നും പലം ഏഴും കടുകുരോഹിണി കഴഞ്ച് ഇരുപത്തിനാലും നല്ലവണ്ണംപൊടിച്ചു ശീലപ്പൊടിയാക്കി നെയ്യും മാംസവും വേവുമ്പോൾ കൂടെ ഇട്ടു ഇളക്കി ലേഹ്യംപോലെ ആകുന്നസമയം വാങ്ങിവെക്കുക. ഈ മരുന്ന് ഓരോമാങ്ങപ്രമാണം ഉരുട്ടി ദിവസംതോറും ഓരോനേരം കൊടുക്കുക. ഉടുമ്പ് ചേർത്തടോണിക്കുണ്ടാക്കുന്നതിനും മേൽപറഞ്ഞ മരുന്നുകൾതന്നെ ചേർക്കേണ്ടതാണ്.

3. കുതിരയുടെ ദേഹം തടിച്ചുനന്നാകുവാൻ കൊടുക്കേണ്ടും നെയ്യ് :—

കടുകുപൊടി റാത്തൽനാല്, ഉലുവപ്പൊടിറാത്തൽനാല്, അയമോതകപ്പൊടി റാത്തൽനാല്, ചവൽക്കാരം റാത്തൽരണ്ട്, മഞ്ഞപ്പൊടി റാത്തൽ എട്ടര. ഈമരുന്നുകൾ എല്ലാം ഒന്നിച്ചുചേർക്കുക. പിന്നീട് ഇരുപതിടങ്ങഴി നല്ലനെയ്യ് അടുപ്പത്തുവെച്ച് ചൂടാകുന്നസമയം അതിൽ ഒരുപലംചുവന്ന ഉള്ളിയും ഒരു പലം വെളുത്ത ഉള്ളിയും ചതച്ചിടുക. ഉള്ളി പൊട്ടൽമാറുന്ന സമയം മേൽപ്പറഞ്ഞപൊടികൾ അതിലിട്ടു ഒരു കോലുകൊണ്ടു ഇളക്കുക. നെയ്യിൻെറ നടുവിൽ കിടക്കുന്ന മരുന്നുകൾ കൈകൊണ്ടു തിരുമ്മിനോക്കിയാൽ പൊടിഞ്ഞുതുടങ്ങുമ്പോൾ വാങ്ങിവെച്ചു അരിച്ചെടുക്കുക. ഈ നെയ്യിൽ കാലിടങ്ങഴി എടുത്തു അരഇടങ്ങഴി മുതിരപുഴുങ്ങിയതിൽ കുഴച്ചുചേർത്ത് ഉദയത്തിന്നുമുമ്പെ കുതിരക്കു കൊടുക്കുക.

4. കുതിരയുടെ ദേഹത്തിന്ന് ക്ഷീണംതട്ടുമ്പോൾ കൊടുക്കുവാനുള്ള ടോണിക്ക് :—

ജീരകം നാല്, അരിയാറ്, ചുക്ക്, മുളക്, തിപ്പലി, അയമോതകത്തിൻെറ ഉമി, കായം, പൊങ്കാരം, ഇന്തുപ്പ്, കറുപ്പ്, കറിയുപ്പ്, ഗന്ധകപ്പൊടിയുപ്പ്, പിളാശ്ശുംകുരു, കഴഞ്ചിക്കുരുപ്പുരുപ്പ്, വയമ്പ്, ഗുൽഗുലു, കപ്പൽമുളക്, ചിത്തരത്ത, വേതരത്ത, അതിവിടയം, കടുക്, ഉലുവ, ആശാളി, തിപ്പലിമൂലം, വെള്ളുള്ളി, മഞ്ഞൾ, കൊട്ടം, പടിക്കാരം, അക്കിക്കറുക, എശ്രുകുവേർ തൊലി, ഇവ ഓരോറാത്തൽ, നെല്ലിക്ക, കടുക്ക, ഇവ ഓരോന്നും കാൽ റാത്തൽ, പെരുങ്കുരുമ്പ് റാത്തൽ അര, കഞ്ചാവ് റാത്തൽ ഒന്ന്, ജാതിക്ക, ജാതിപത്രി, കരയാമ്പൂവ്വ്, വാൽമുളക് , ഇവ ഓരോന്നും കാൽറാത്തൽ എലവങ്ങത്തൊലി, വെററിലവേർ, കൊലഞ്ചം, ഇവ ഓരോ റാത്തൽ, കടുകുരോഹണി റാത്തൽ അര, എരിക്കിൻ വേരിൻ തൊലി, ആടലോടകവേരിൻതൊലി എലിപരുത്തവേർ, കുപ്പട്ടിയില, തുമ്പയില, കരിന്തുമ്പയില, തഴതാമസമൂലം, മുരിങ്ങത്തൊലി, പേരാൽ തൊലി, അരയാലിൻ തൊലി, ഉഴിഞ്ഞ, 'വെള്ളറുക്, കൊഴിഞ്ഞിൽ വേരിന്മേൽ തൊലി, കണ്ടംകത്തിരി. ഇവ ഓരോന്നും അരേരശ്ശ റാത്തൽ മേൽപറഞ്ഞമരുന്നുകളിൽ പൊങ്കാരവും മററു കാരങ്ങളും പൊരിച്ചു പൊടിക്കുക. ശേഷം മരുന്നുകൾ ഉണക്കി ശീലപ്പൊടിയാക്കുക. അതിൽപിന്നെ എല്ലാം ഒന്നിച്ചുചേർത്തി ഒരു പാത്രത്തിൽ സൂക്ഷിക്കുക. ഇതിൽനിന്നു ആവശ്യമുള്ള സമയങ്ങളിൽ അല്പം പൊടി എടുത്തു് ചാരായത്തിൽ കുഴച്ചു ഓരോചെറുനാരങ്ങപ്രമാണത്തിൽ ഉരുട്ടി കൊടുക്കുക.

5. കുതിര മെലിഞ്ഞുപോയാൽ കൊടുക്കേണ്ടും മരുന്നുകൾ:—

സാധാരണ കൊടുക്കുന്നതിൽ ഇരട്ടിതീനിയും ദഹനശക്തിപോലെ നെയ്യുംകൊടുക്കുക. മേൽവിവരിച്ച ചികിത്സകൊണ്ട് കുതിര തടിച്ചില്ലെങ്കിൽ ഒരിടങ്ങഴിമുതിര എടുത്തു വറുത്തുപൊടിച്ച് അതിൽ ഒഴക്കു പന്നിനെയ്യും കൂട്ടി ഉച്ചക്കുവെള്ളം കൊടുക്കുന്നതിന്ന് രണ്ടുമണിക്കൂറുമുമ്പെ കൊടുക്കുക പിന്നീട് പുല്ല്കൊടുക്കാവുന്നതാണ്. ഇതുകൊണ്ടും ഫലമില്ലാതിരുന്നാൽ ഒന്നര ഇടങ്ങഴി ഞെങ്ങലരിവേവിച്ച്

വററിച്ചു് അതിൽ ഒന്നരഇടങ്ങഴി തയിരുംഒഴിച്ചു പുലരുന്നതിന്നുമുമ്പ് കൊടുക്കുക. ഇതുകൊണ്ടും തടിച്ചില്ലെങ്കിൽ ഒന്നരനാഴി അരിയും നാലിടങ്ങഴിപാലും കൂട്ടി പാല്പായസംവെച്ചു് രണ്ടുനാഴിക പുലരുംമുമ്പെ കൊടുക്കുക. ഈ ചികിത്സയും ഫലിക്കാത്തപക്ഷം താഴെവിവരിച്ച ചികിത്സകൾ ക്രമമായി ആചരിക്കുക.

(എ) ഒരിടങ്ങഴി അരിയും ഒരു കോഴിയുടെമാംസവും കൂടി വേവിച്ചു് അതിൽ ഉരി നെയ്യുംഒഴിച്ചു് ദിവസംതോറും രാവിലെകൊടുക്കുക.

(ബി) ആട്ടിൻതല ചുട്ടുകരിച്ചു് തല്ലിനടുവെ പൊളിച്ചു് തല ഒന്നുക്കു് മൂന്നുപലംചുവന്ന ഉള്ളിയും ഒരുപലം കൊത്തമ്പാലരിയും വീതം കൂട്ടിവേവിച്ചു് എല്ലുകടഞ്ഞു കളഞ്ഞു് ഉരി ഉഴുന്നുപൊടിയും കൂട്ടിക്കുഴച്ചു് ദിവസംതോറും രാവിലെ കൊടുക്കുക.

(സി) രണ്ടുനാഴി ഗോതമ്പുപൊടിയും അഞ്ചുകോഴിമുട്ടയും അഞ്ചു കോഴിമുട്ടയിൽ അടങ്ങിയനെയ്യും കൂട്ടിക്കുഴച്ചു ദോശത്തട്ടിൽ ഇട്ടു റൊട്ടിയാക്കി അതിൽ ഉരിനെയ്യും ഒഴിച്ചു ദിവസംതോറും രാവിലെ കൊടുക്കുക.

(ഡി) ഉലുവ ഒരിടങ്ങഴി പാലിൽ രാത്രി പന്ത്രണ്ടുമണിക്കൂർ കുതൎത്തി ദിവസംതോറും രാവിലെ കൊടുക്കുക. ഉലുവയും പാലും കൊടുക്കുന്ന സമയം അയ്യഞ്ചുപണത്തൂക്കം പൊൻകാരം വറുത്ത് പൊടിച്ചു ഉച്ചക്ക് വെള്ളംകൊടുക്കുമ്പോൾ അതിൽകലക്കി കൊടുക്കേണ്ടതാണു്. ഇങ്ങിനെ ചെയ്യാതിരുന്നാൽ കുതിരക്കു കാലിൽ ദീനം വരുവാൻ ഇടയുണ്ടു്.

ശോഷിച്ച കുതിരയുടെ ദേഹത്തിൽ പുരട്ടുവാനുള്ള മരുന്നു്:—

വിറാലില, പുളിയില, വേപ്പില, നൊച്ചിയില, കരുനൊച്ചിയില, വാതക്കൊടിയില, കാരയില, കാരത്തൊലി, കൊടിക്കള്ളി ഇവ ഓരോ പിടി ഇടിച്ചു് ആയതിൽ ഞെങ്ങലരിപ്പൊടിഇടങ്ങഴി ഒന്നും, ചൊനാടൻപുല്ലിൻപൊടി ഇടങ്ങഴി ഒന്നും ഉഴുന്നുപൊടി ഇടങ്ങഴി ഒന്നും ചേരിൻകുരു, കരിമ്പാളം, മഞ്ഞൾ, വയമ്പ്, ആശാളി ഇവ ഓരോ പലം പൊടിച്ചുംചേൎത്തി പുല്ലിൽകെട്ടി ഒരുദിവസംസൂക്ഷിച്ചു് പിറെറ

ദിവസം അതിൽകുറെ എരുമച്ചാണകം ചേൎത്തി വെള്ളത്തിൽ കലക്കി തിളപ്പിച്ചു കൈവെച്ചാൽ പൊള്ളാത്ത ചൂടിൽവാരിയെടുത്തു കുതിരയുടെദേഹത്തിൽ തടവി മരുന്നു ഉണങ്ങുന്നതുവരെ വെയിലത്തുകെട്ടി പിന്നീടു് അഴിച്ചു തണലിൽ കെട്ടുക. ഇങ്ങിനെ മൂന്നുദിവസം ദേഹത്തിൽ മേൽപറഞ്ഞമരുന്നുകൾ തടവി നാലാംദിവസം വെറുതേ നിറുത്തി അഞ്ചാംദിവസം വെള്ളംകാച്ചി കുളിപ്പിക്കുക. പിന്നീടു് ഗുൽഗുലു, മുളകു്, വെളുത്ത ഉള്ളി, മഞ്ഞൾ,കസ്തൂരിമഞ്ഞൾ, അയമോദകം, കടുകു്, പൊങ്കാരം, കൊട്ടം, കൊലഞ്ചം, കുടുക്കി, പലാശുപട്ട, ചുക്കു്, വയമ്പു്, ഇതിരിശൊക്ക ഇവ ഓരോന്നും അയ്യഞ്ചുറുപ്പികത്തൂക്കവും ടിക്കിമൽക്കി ഏഴുറുപ്പികത്തൂക്കവും കായംരണ്ടുറുപ്പികത്തൂക്കവും ഗണ്ഡുപാങ്കി, ഇചിരി ഇവ അയ്യഞ്ചുറുപ്പികത്തൂക്കവും ഗോരോചനം പണത്തൂക്കം രണ്ടുംചേൎത്തി പൊടിച്ചു് മുരിങ്ങത്തൊലി ഇടിച്ചുപിഴിഞ്ഞ നീരിൽ കൊടുക്കുക.

കുതിരക്കു നെഞ്ചിൽ കേടുപററിയാൽ പുരട്ടേണ്ടും കുഴമ്പ്:—

കണ്ടകാരിപ്പച്ച സമൂലം കൊണ്ടുവന്നു ഇടിച്ചു നീരെടുക്കുക. അതിൽ ഒരിടങ്ങഴി നീരെടുത്തു ഒരുകട്ടി ചവൽക്കാരവും കാലേഅരക്കാൽ ഇടങ്ങഴി എണ്ണയുംചേൎത്തു അടുപ്പത്തുവെച്ചു് ചൂടുപടിപ്പിച്ചു കുഴമ്പുപ്രായത്തിൽ വാങ്ങുക. ഈ കുഴമ്പ് കുതിരക്കു വേദനയുള്ള ഭാഗങ്ങളിൽ പുരട്ടാവുന്നതാണു്. പന്നീടു നാലുനാഴികനേരം മാലിസ്സ് ചെയ്യുകയും വേണം.

ദേഹത്തിൽ വേദനയ്ക്കു് മരുന്നു്:—

മനുഷ്യൻെറ തലയോട്ടു് ചുട്ടുപൊടിച്ചു രണ്ടു ചെമ്പുകാശുത്തൂക്കം പൊടിയും രണ്ടുകാശുത്തൂക്കം ചെങ്കൊട്ടപ്പൊടിയും മൂന്നുവരാഹൻതൂക്കം കായവുംചേൎത്തു ദിവസത്തിൽ ഒരുനേരം കൊടുക്കുക. ഇങ്ങിനെ മൂന്നുദിവസത്തോളം കൊടുക്കുക.

ആൺകുതിരയെ പെൺകുതിരയ്ക്കു് വിടുന്നതിന്നു
മൂന്നുദിവസങ്ങൾക്കുമുമ്പെ കൊടുപ്പാനുള്ള മരുന്നു്:—

1. നല്ലമുളകു് പലംഅര, അക്കിക്കറുക പലംഅര, ഗുൽഗുലു പലം കാലേഅരക്കാൽ, ചുകന്നുള്ളി പലംനാലു്, കായം കഴഞ്ചു്

ഒന്ന്, ഈമരുന്നുകൾ എല്ലാംകൂടി ഇടിച്ചു നാഴിനെയ്യിൽ വറുത്തു മൂന്നു ഉരുളകളായി ഉരുട്ടി ദിവസത്തിൽ ഓരോ ഉരുളവീതം കൊടുക്കുക. നാലാം ദിവസം കുതിരയെ പെൺകുതിരമേൽ വിടാവുന്നതാണ്.

2 നല്ലമുളക് പലം അര, പേരരത്ത പലംഅര, മഞ്ഞൾ പലം ഒന്ന്, വേപ്പാലരി പലംഅര, ഗുൽഗുലു പലം കാലേഅരക്കാൽ ചുകന്ന ഉള്ളിപലംനാല്, ശക്കര പലംനാല്, കായം കഴഞ്ച് ഒന്ന് ഈ മരുന്നുകൾ എല്ലാംകൂട്ടി ഇടിച്ചു നാഴിനെയ്യിൽ വറുത്ത് മുമ്മൂന്നു ഉരുളകളായി ഉരുട്ടി ദിവസം ഒന്നുക്ക് ഓരോ ഉരുളവീതം കൊടുക്കുക. ഈ മരുന്ന് നാല്പത്തഞ്ചു ദിവസത്തോളം കൊടുക്കാവുന്നതാണ്.

പെൺകുതിരയ്ക്ക് ആൺകുതിരമേൽ മനസ്സുണ്ടാകുവാൻ
ചെയ്യേണ്ടും ചികിത്സ:—

ഒരുപിടി വഴുതിനിങ്ങ കൊണ്ടുവന്നു ഓരോ കായയുടേയും മുഖം തുരന്നു അതിൽ ഒട്ടാകെ രണ്ടേകാൽ കഴഞ്ച് ചളിപൊങ്കാരം വറുത്ത് പൊടിച്ചു നിറയ്ക്കുക. ഇപ്രകാരം നിറച്ച വഴുതിനിങ്ങകൾ കരിഞ്ഞു പോവാതെ ചുട്ടെടുത്തു ആറിച്ചു ഉരിതേനിൽ കുഴച്ചു പെൺകുതിരയ്ക്കു കൊടുക്കുക. ഇങ്ങിനെ മൂന്നു ദിവസം കൊടുത്തു നാലാം ദിവസം ചെനയ്ക്കു വിട്ടുകൊള്ളേണ്ടതാണ്.

ആൺകുതിരയ്ക്കു ദേഹ പുഷ്ടി പോകാതിരിപ്പാൻമരുന്നുകൾ:—

മഞ്ഞൾ പലം ഒന്ന്, ആശാളി പലം ഒന്ന്, ഒററച്ചുളവെങ്കായം പലം ഒന്ന് ഈ മരുന്നുകൾ എല്ലാം ചേർത്തി പൊടിച്ചു കാലിടങ്ങഴി നല്ലനെയ്യിലിട്ടു കാച്ചി എടുത്തു് മൂന്നു ദിവസത്തോളം കൊടുക്കുക.

പെൺകുതിരയെ ചെനയ്ക്കു വിട്ട ഉടൻ കൊടുക്കേണ്ടും മരുന്നുകൾ:—

ജീരകം പലം ഒന്ന്, ശതകുപ്പ പലംഒന്ന്, ചുകന്ന ഉള്ളി പലം രണ്ടു്, ഏലത്തരി പലം അര, കുവ്വപ്പൊടി പലം അര ഇവകൾ ഒന്നിച്ചു പൊടിച്ചു മൂന്നുപലം പഞ്ചസാരകൂട്ടിച്ചേർത്ത് രണ്ടുപലം വെണ്ണയിൽ കുഴച്ചു കൊടുക്കുക.

കുതിര പ്രസവിച്ചാൽ കൊടുക്കേണ്ടും മരുന്നുകൾ:—

ഞെങ്ങലരി ഇടങ്ങഴി രണ്ടു്, നാളികേരം രണ്ടു്, പനഞ്ചക്കര പലം എട്ടു് ഇവകൾ ഇടിച്ചു കൊടുക്കുക ഇങ്ങിനെ ഏഴു ദിവസം കൊടുക്കേണ്ടതാണ്.

എട്ടാംദിവസം മുതൽ താഴെചേർത്ത മരുന്നുകൾ കൊടുക്കുക :—

നല്ലമുളക്, ചുക്ക്, മഞ്ഞൾ, കൊട്ടം, കടുകരോഹിണി, പേരരത്ത, ചിററരത്ത, അക്കിക്കറുക, ഗുൽഗുലു, കായം, ആശാളി, വെളുത്തുള്ളി ഇവ ഓരോന്നും പലംപത്തു്. ചെറുപുന്നാരി, കാർപോകിലരി, കാട്ടുജീരകം, കരിഞ്ചീരകം, തിപ്പലിമൂലം, തിപ്പലി, കടുക്, വേപ്പാലരി, വിഴാലരി, കരുപ്പു്, ചളിപൊങ്കാരം, ചീനക്കാരം, വയമ്പ് ഈവക മരുന്നുകൾ ഓരോന്നും രണ്ടുപലം. ശക്കര പലം അഞ്ച്, പഴങ്കമ്പളങ്ങാക്കുരു പലംനാല് മേൽപറഞ്ഞമരുന്നുകളിൽ പൊങ്കാരവും, ചീനക്കാരവും ഒഴികെ ശേഷംമരുന്നുകൾ എല്ലാംകൂട്ടി ഇടിച്ചുപൊടിച്ചു ചളിപൊങ്കാരം ചാണകത്തിൽ കഴുകിയെടുത്തു് പൊരിച്ചു ചീനക്കാരവും പൊരിച്ചു് ചേർത്തു ശക്കരയിൽകുഴച്ചു ഇരുപതു സമഉണ്ടകളാക്കി ഓരോ ഉണ്ട ദിവസന്തോറും രാവിലെ കൊടുത്തു കൊള്ളണം.

കുതിര പെററാൽ ഏഴുദിവസംകൊടുക്കുന്ന മരുന്നു കൊടുത്തതിന്നു ശേഷം ദീനമില്ലെങ്കിൽ എട്ടാംദിവസം തുടങ്ങി ഈരണ്ടിടങ്ങഴിമുതിര ഒരുനേരം കൊടുക്കണം. ഇരുപത്തഞ്ചുദിവസം വെള്ളംകാച്ചി ആറിച്ചു കൊടുക്കുകയും വേണം.

കുതിരക്കുട്ടിക്കു വെണ്ണകൊടുക്കുമ്പോൾ ചേർത്തുകൊടുക്കേണ്ടും
മരുന്നുകളുടെ വിവരം:—

ചുക്ക്, തിപ്പലി, തിപ്പലിമൂലം, നല്ലമുളക്, ജാതിക്ക, കരയാമ്പൂവു്, ജാതിപത്രി, അയമോതകം, ഇവ ഓരോപലംവീതം എടുത്തു സ്വല്പമായി വറുത്തുപൊടിച്ചു മുമ്മൂന്നുപണത്തൂക്കം വെണ്ണയിൽ കൂട്ടികൊടുത്തു കൊള്ളണം. വെണ്ണ ജാസ്തിയായി കൊടുക്കുമ്പോൾ ഓരോപണത്തൂക്കം പൊടികൂടെ ചേർത്തുകൊടുക്കേണ്ടതാണ്.

കുതിരക്കുട്ടിയ്ക്കു പാൽകുടിക്കുന്ന സമയം കൊടുക്കേണ്ടും മരുന്നുകൾ:—

വയമ്പ്, ചുക്ക്, കടുക്, തിപ്പലി, തിപ്പലിമൂലം, കരയാമ്പൂവ്വ്, ജാതിക്ക, ജാതിപത്രി, അയമോദകം, അക്കിക്കറുക, എരട്ടിമധുരം, നല്ലമുളക്, ചളിപൊങ്കാരം, ജീരകം, ഉലുവ, ചെറുപ്പുന്നയരി ഇവ ഓരോന്നും പലം ഒന്ന്. മേൽപറഞ്ഞമരുന്നുകളിൽ പൊങ്കാരം ഒഴികെ മററുള്ളവ ഒന്നിച്ചു ശീലപ്പൊടിയാക്കി ചളിപൊങ്കാരം കഴകി പ്രത്യേകമായി പൊടിച്ചു രണ്ടുപൊടികളും ഇട്ടിളക്കി പുതുക്കലത്തിൽ സൂക്ഷിക്കുക. അതിൽനിന്നു നാലുപണത്തൂക്കംപൊടി ഒരു ചെറുനാരങ്ങയോളം വെണ്ണയിൽ പൊതിഞ്ഞു കൊടുക്കുക. കുതിരക്കുട്ടി വളന്നു വരുന്നതോടൊപ്പം വെണ്ണയും പൊടിയും ജാസ്തി കൊടുക്കാവുന്നതാണ്.

കുതിരക്കുട്ടിക്കു ജനകവായുവന്നാലത്തെ ലക്ഷണം:—

കാലുനാലും വടിപോലെ ആകും. കാല് ഇടച്ച്‌വെക്കും. മുട്ടിൽ പിടിച്ചുമടക്കിയാൽ കാൽമടങ്ങുകയില്ല.

ജനകവായുവിന്നു കൊടുക്കേണ്ടും മരുന്നുകൾ:—ഒരു കഴഞ്ച് പൊങ്കാരവും, ഒരുകഴഞ്ച്‌വയമ്പും പൊടിച്ചു ഒരുകോഴിമുട്ടയുടെ അകത്തിട്ടു ശീലയിൽകെട്ടി മണ്ണിൽപൊതിഞ്ഞു തിയ്യിലിട്ടുചുട്ട് ഓട്‌കളഞ്ഞ് മൂന്നാക്കി പകുത്ത് ഓരോപങ്കുവീതം മൂന്നുനേരവും കൊടുക്കുക. ഇങ്ങിനെ മൂന്നു ദിവസം കൊടുക്കുക. എന്നാൽ ഭേദംവരും.

കുതിരക്കുട്ടിയുടെ കുറുക്കിന്നും കാലുകൾക്കും ബലമുണ്ടാകേണ്ടതിന്നു ചെയ്യേണ്ട ചികിത്സ:—

പത്തുതുലാം പിലാവില ഇടിച്ചുപിഴിഞ്ഞു പത്തിടങ്ങഴി നീരെടുത്തു ഒരുറാത്തൽ സന്നിനായകവും അര റാത്തൽ കാട്ടുജീരകവും അര റാത്തൽ ആശാളിയുംകൂട്ടി പൊടിച്ചു ശീലപ്പൊടിയാക്കി ഇരുപത്തൊന്നു കോഴിമുട്ടയുടെ വെള്ളയിൽ തിരുമ്മി പിലാവില നീററിൽകലക്കി പിന്നീട് അതിൽ ഇരുപതിടങ്ങഴി വെള്ളം ഒഴിച്ചുകുറുക്കി അഞ്ചിടങ്ങഴിയാക്കിയതിൽ മൂന്നിൽഒരുഭാഗം ഇളംചൂടോടുകൂടി ദേഹത്തിൽ പുരട്ടുക. ഈചികിത്സചെയ്യുമ്പോൾ കുതിരക്കുട്ടിയെ ചൂടുവെള്ളത്തിൽ കുളിപ്പിക്കേണ്ടതാണ്.

കുതിരക്കുട്ടിക്ക് ഭക്ഷണത്തിന്ന് രുചിയുണ്ടാകുവാൻ ചെയ്യേണ്ടും ചികിത്സ:—

ഇഞ്ചി പലംഅര, നല്ലമുളക് പലംഅര, വെള്ളവെങ്കായം പലം കാൽ, കടുകരോഹണി കഴഞ്ച് ഒന്ന്, പച്ചവെററില പതിനൊന്ന്, ഇവകൾ ഒന്നിച്ച് ഇടിച്ചു അതികാലത്തോ വൈകുന്നേരമോ ഒരു തവണ കൊടുക്കുക. ഇങ്ങിനെ നാലു ദിവസം ചെയ്യുക. മേൽവിവരിച്ച മരുന്ന് ഫലിക്കാതെ വന്നാൽ താഴേപറയുന്ന മരുന്നുകൾ ക്രമമായി കൊടുക്കാവുന്നതാണ്.

1. മൂന്നു പുകയിലയും, ഒരുപിടി തുമ്പഇലയും, ഇരുപത്തെട്ടു കപ്പൽമുളകും കൂട്ടി തിരുമ്മി ഉച്ചയ്ക്ക്‌വെള്ളം കൊടുക്കുന്നതിന്നു നാലു നാഴികമുമ്പെ കൊടുക്കുക.

2. ഒരുറുപ്പികത്തൂക്കം കടുകും, ഒരുറുപ്പികത്തൂക്കം മഞ്ഞളും, ഒരുറുപ്പികത്തൂക്കം നല്ല മുളകും, ഒരുറുപ്പികത്തൂക്കം വെളുത്ത ഉള്ളിയും, ഒരുകഴഞ്ച് ഗുൽഗുലുവും കൂട്ടി ഇടിച്ചു പൊടിയാക്കി അതിൽനിന്ന് രണ്ടുപിടി പൊടിയെടുത്ത് ചെറുതേനിൽ കുഴച്ചു ദിവസംതോറും കാലത്തുകൊടുക്കുക.

3. കടുക്, പൊങ്കാരം, വെളുത്ത ഉള്ളി, വറുത്തകടുക്, കടുകുരോഹണി, നല്ലമുളക്, ഇഞ്ചി, കൊട്ടം, പെരുങ്കായം., ഇവ ഓരോന്നും ഒൻപതുറുപ്പികത്തൂക്കം ചേത്തിപൊടിച്ചു ശീലപ്പൊടിയാക്കി പച്ച ഇഞ്ചിനീററിൽ അരച്ചു ഒരു ചെറുനാരങ്ങയുടെ വലിപ്പത്തിൽ ഉരുട്ടി ഓരോദിവസം ഇടവിട്ടു കാലത്തു ഓരോ ഉരുളവീതം കൊടുക്കുക.

4. നല്ലമുളക്, കാട്ടുജീരകം, ചുക്ക്, മഞ്ഞൾ, അതിവിടയം, ഇന്തുപ്പ്, കമ്പ്, കറിയുപ്പ്, ഗന്ധകപ്പൊടി, കടുക്, കടുകരോഹണി, അയമോതകം, അയമോതകത്തിൻെറ ഉമി, കരിഞ്ചീരകം, കൊട്ടം, വെള്ളുള്ളി, കൊലഞ്ചം, പൊങ്കാരം, ചീനക്കാരം, വയമ്പ്, അക്കിക്കറുക, ചീനരത്ത, വേതരത്ത, അരത്ത, മുരിങ്ങവേരിൻ തൊലി, എരിക്കിൻവേരിൻതൊലി, ആടലോടകത്തിൻ വേരിൻതൊലി, കഴഞ്ചിക്കുരുപരുപ്പ്, ഇവയിൽ അഞ്ചാടിമരുന്നുകൾ ഓരോന്നും നന്നാലുപലം

എടുത്ത് ശീലപ്പൊടിയാക്കുക. പൊങ്കാരം, ചീനക്കാരം മുതലായ ഉപ്പുകൾ ഓരോന്നും ഈരണ്ടുപലം വീതം തൂക്കി എടുക്കുക. ഉപ്പുകളിൽ പൊങ്കാരവും ചീനക്കാരവും വറുത്തു കൂട്ടുകയും മററുള്ളവ പൊടിച്ചു ചേൎക്കുകയും ചെയ്യുക. പിന്നീട് വെള്ളംകൂട്ടാത്ത ചാരായത്തിൽ ഈമരുന്നുകൾ കുഴച്ചു ചെറുഉരുളകളാക്കി ഉരുട്ടി ദിവസത്തിൽ ഒന്നോ രണ്ടോ ഉരുളവീതംകൊടുക്കുക.

കുതിരക്കുട്ടി വെള്ളം കുടിക്കാതെയിരുന്നാൽ കൊടുക്കേണ്ടും മരുന്നുകൾ :—

തുമ്പയില ഒരുപിടി, കല്ലുപ്പ് അരപ്പലം, ഇവരണ്ടും കൂട്ടി തിരുമ്മി ഉച്ചയ്ക്കു് വെള്ളംകൊടുക്കുന്നതിന്നു നാലുനാഴികമുമ്പെ കൊടുക്കുക. ഈചികിത്സ ഫലപ്രദമാകാതിരുന്നാൽ താഴെവിവരിച്ച ചികിത്സ ക്രമമായി അനുഷ്ഠിക്കാവുന്നതാണ്.

1. അരപ്പലം മഞ്ഞളും, ഒരുപിടി എരുക്കിൻപൂവും കാൽ പലം കല്ലുപ്പും കൂട്ടി ഇടിച്ചു ഉച്ചയ്ക്കുവെള്ളം കൊടുക്കുന്നതിന്നു നാലു നാഴികമുമ്പെ കൊടുക്കുക.

2. ഒരുപിടി കഞ്ചാവും കാൽപലം അയമോദകവും ആറു കഴഞ്ചു് ഇന്തുപ്പുംകൂട്ടി ഒന്നിച്ചു ഓട്ടിലിട്ടുവറുത്തു ഉച്ചയ്ക്കു് വെള്ളം കൊടുക്കുന്നതിന്നു നാലുനാഴികമുമ്പെ കൊടുക്കുക.

3. ഒരുപുകയിലയും ഇരുപത്തൊന്നു കപ്പൽമുളകും അരപ്പലം അയമോദകവും കാൽപലം ഗന്ധകപ്പൊടിയും കൈകൊണ്ടു തിരുമ്മി ഉച്ചയ്ക്കുവെള്ളം കൊടുക്കുന്നതിന്നു നാലുനാഴികമുമ്പെകൊടുത്ത് നാലു നാഴികനേരം വെയിലത്തുകെട്ടിയതിൽ പിന്നെ വെള്ളം കൊടുക്കുക.

4. ചുക്ക് റാത്തൽ ഒന്നു്, പൊരിച്ചപൊങ്കാരം റാത്തൽ ഒന്നു്, ഗന്ധകവെടിയുപ്പ് റാത്തൽ ഒന്നു്, ഇന്തുപ്പ് റാത്തൽ ഒന്നര ഈ മരുന്നുകൾ പൊടിച്ചു ശീലപ്പൊടിയാക്കി മുരിങ്ങത്തൊലി നീററിൽ കുഴച്ചു ഇരുപത്തൊന്നുപ്രാവശ്യം അരച്ചു ഒരു താന്നിക്കപ്രമാണം ഉരുട്ടി ഉച്ചക്ക് വെള്ളംകൊടുക്കുന്നതിന്ന് എട്ടുനാഴികമുമ്പെ കൊടുത്തു രണ്ടുകരിമ്പടം കുതിരയുടെ മുതുകിൽവെച്ചുകെട്ടി വെയിലത്തുനിൎത്തിയാൽ വെള്ളം കുടിക്കുന്നതാണ്.

കുതിരക്കു ഉള്ളിൽകേടുപററിയാലും വീണാലും മററും ദേഹത്തിൽ പുരട്ടുവാനുള്ള മരുന്ന്:—

ഒണങ്ങലരി പടി ഒന്നു്, പഴംപുളി റാത്തൽ നാല്, മുശ്ശുന്ത്രൻ റാത്തൽ ഒന്നു്, ഈ മരുന്നുകൾകൂട്ടി ഇടിച്ചു ഇരുപത്തിനാലേകാൽ ഇടങ്ങഴി വെള്ളത്തിൽ കലക്കികുറുക്കി കയ്യ്‌വെച്ചാൽ പൊള്ളാത്ത ചൂടിൽ കുതിരയുടെമേൽ പുരട്ടി പന്ത്രണ്ടു നാഴികനേരം വെയിലത്തു നിൎത്തുക. കുതിര ഈസമയത്ത് കിടക്കാതെ നോക്കിക്കൊള്ളണം. ഇങ്ങിനെ മൂന്നുദിവസം ചെയ്തതിന്നുശേഷം നാലാംദിവസം വെയിലത്തുനിൎത്തി അഞ്ചാംദിവസം കാച്ചിയവെള്ളംകൊണ്ടു കുളിപ്പിക്കുക.

കുതിരയുടെമേൽ നീര്‌വന്നാൽ :—

നവരനെല്ല് ഇടങ്ങഴി രണ്ടു്, ആലിൻെറവേട് ഇടിച്ചതു് ഇടങ്ങഴി രണ്ടു്. ഈമരുന്നുകൾ എരുമച്ചാണകത്തിൽ കുഴച്ച് അഞ്ചിടങ്ങഴി ചാരായത്തിൽ കലക്കി കുതിരയുടെമേൽ തേച്ചു കുതിരയെവെയിലത്തു നിൎത്തി പിന്നീട് കുളിപ്പിക്കുക.

വാതത്തിന്ന് :—

കണ്ടംകത്തിരി റാത്തൽനാല്, കാട്ടുജീരകം റാത്തൽരണ്ടു്, എരുമച്ചാണകം റാത്തൽ രണ്ടു്, പുററുമണ്ണ് റാത്തൽ രണ്ടു്, എരിക്കിൻതൊലി ഇടിച്ചതു് റാത്തൽരണ്ടു്, കൊട്ടം റാത്തൽ ഒന്നു്. ഇവയിൽ പൊടിക്കേണ്ടതൊക്കയും പൊടിച്ചു ചേൎത്തി വെള്ളത്തിൽ തിളപ്പിച്ചു ഇളംചൂടോടെ പുരട്ടുക. പിന്നീട് വെയിലത്തുകെട്ടുക. ഇങ്ങിനെ മൂന്നുദിവസംചെയ്തു നാലാം ദിവസം മരുന്ന്‌പുരട്ടാതെ നിൎത്തി അഞ്ചാം ദിവസം കുളിപ്പിക്കുക.

കുതിരയുടെ കയ്യിലും കാലിലും നീര്‌വന്നാൽ:—

കാവിമണ്ണ് റാത്തൽ അര, കറുപ്പ് കഴഞ്ചു് രണ്ടു്, നല്ലെണ്ണ തവിനാല് ഇവ ഒന്നിച്ചുചേൎത്ത് നീരുള്ളേടത്ത് പുരട്ടി രണ്ടുനാഴിക നേരം തേക്കുക. ഇങ്ങിനെ രണ്ടുദിവസം ചെയ്തതിൽപിന്നെ മൂന്നാം ദിവസവും നാലാംദിവസവും വെറുതെനിൎത്തി അഞ്ചാംദിവസം കാച്ചിയ വെള്ളംകൊണ്ടു് കഴുകുക,

കുതിരയുടെ കാലിൻെറയും കയ്യിൻേറയും സന്ധുക്കളിൽ നീര് വന്നാൽ :—

വെളുത്ത ആട്ടിൻെറപാൽ ഇടങ്ങഴിരണ്ടിൽ, മഞ്ഞപ്പൊടി റാത്തൽ ഒന്ന്, കാട്ടുജീരകപ്പൊടി പലം അര, മൂശമ്പര് പൊടി പലംഅര, ഇവ എല്ലാംകലക്കി രാവിലേയും ഉച്ചക്കും മുടങ്ങാതെ ഏഴ് ദിവസം കാലിന്മേലും കയ്യിന്മേലും പുരട്ടി നല്ലവണ്ണം തേക്കുക.

ചില്ലറ വീക്കത്തിന്ന് :—

അര ഇടങ്ങഴി ചാരായത്തിൽ നാലുകഴഞ്ച് ചൂടൻ കർപ്പൂരം ഇട്ടുതിളപ്പിച്ചു പാതിയാക്കി ചൂടോടുകൂടെ വീക്കമുള്ളേടത്ത് പുരട്ടുക.

കുതിര വീണിട്ടോ തമ്മിൽചവിട്ടിയിട്ടോ മററൊ അധികമായി പരുക്കുകൾ പററിയാൽ പുരട്ടുവാൻ മരുന്ന്:—

കാട്ടുജീരകം, കാവിമണ്ണ്, കണ്ടകാരി, കൊട്ടം, വയമ്പ്, ഇവ ഓരോന്നും റാത്തൽ ഒന്ന്., പുളിങ്കുരു റാത്തൽ നാല്, അരിപ്പൊടി റാത്തൽ രണ്ട്, ആശാളി റാത്തൽ ഒന്ന്, ലന്തക്കുരു റാത്തൽ രണ്ടു, എരിക്കിൻ തൊലി, പേരാലിൻതൊലി, കല്ലാലിൻ തൊലി, അരയാലിൻതൊലി, പുള്ള ഉമ്മത്തിൻ തൊലി, കുരുന്തോട്ടിവേരിൻ തൊലി, ഇവ ഓരോന്നും ഓരോറാത്തൽ; ഇവയെല്ലാം ഒന്നിച്ചുപൊടിച്ച് വെക്കുക. വെള്ള ആട്ടിൻ പാല് ഇടങ്ങഴി ഒന്ന്, പുററുമണ്ണ് റാത്തൽ രണ്ട്, ചാരായം ഇടങ്ങഴി രണ്ട്, എരുമച്ചാണകം പിഴിഞ്ഞനീര് ഇടങ്ങഴി രണ്ട്, മുതിരച്ചാർ ഇടങ്ങഴി ഇരുപതു്, വെള്ളം ഇടങ്ങഴി ഇരുപതു്, പുളിച്ചകാടി ഇടങ്ങഴി ഇരുപത്, ഇതെല്ലാം ഒന്നിച്ചു കലത്തിയതിൽ മേൽപറഞ്ഞ മരുന്നു പൊടികൾ കൂട്ടി തിളപ്പിച്ചു പാതിയാകുമ്പോൾ വാങ്ങിവെച്ചു മൂന്നായിപകുത്തു അതിൽ ഒരുഭാഗം ദിവസംതോറും കാലത്ത് കുതിരയുടെ ദേഹത്തിൽ പുരട്ടിതിരുമ്മിയ ശേഷം കുതിരയെ വെയിലത്തു കെട്ടുക. പിന്നീട് അഴിച്ചു ലായത്തിൽ കെട്ടുകയും നാലുദിവസം ഇങ്ങിനെ ചെയ്യുതിൽപിന്നെ അഞ്ചാംദിവസം കാച്ചിയ വെള്ളംകൊണ്ട് കുളിപ്പിക്കുകയും ചെയ്യുക. ഇങ്ങിനെ അട്ടപ്പിച്ചു മൂന്നുതവണ ചെയ്യുകൊണ്ടാൽ ദീനം ഭേദംവരുന്നതാണ്.

കാലോ കയ്യോ മുറിഞ്ഞാൽ ചെയ്യേണ്ടുന്ന ചികിത്സ:—

ചെമ്പ്രംവള്ളി ഇടിച്ചുപിഴിഞ്ഞവെള്ളം ഇടങ്ങഴി അഞ്ചും, വരട്ടു തേങ്ങപിഴിഞ്ഞ പാലിടങ്ങഴി അഞ്ചും, നവരനെല്ലിൻപൊടി ഇടങ്ങഴി അരയുംകൂട്ടി കൈകൊണ്ടിളക്കി ഇരുപത്തൊന്നുദിവസം മുടങ്ങാതെ പുരട്ടി കാററും വെയിലും കൊള്ളാതെ നിർത്തി ഇരുപത്തിരണ്ടാംദിവസം കാച്ചിയവെള്ളംകൊണ്ടു കുളിപ്പിക്കുക. ഇങ്ങിനെ അട്ടപ്പിച്ചു മൂന്നു തവണചെയ്യാൽ മുറിഞ്ഞ എല്ല് ചേരുന്നതാണ്. ഈ ചികിത്സ നടക്കുന്ന സമയം പുല്ലും മുതിരയും കുറച്ചുകൊടുക്കുകയും കുതിര വീഴാതെ നോക്കിക്കൊള്ളുകയും വേണം.

കാലിലും കയ്യിലും വരുന്ന ഉളുക്കിന്നു ചികിത്സ :—

1. കോഴിമുട്ടയും ഉഴുന്നുപൊടിയുംകൂടെ കുഴച്ചു പുരട്ടുക.

2. ആവിൻെറ തൊലി അരച്ച് ചെറിയപൈതുക്കുട്ടികളുടെ മൂത്രത്തിൽ കലക്കിതിളപ്പിച്ചു പുരട്ടുക.

3. കാട്ടുജീരകവും ഉമ്മത്തിൻ കായയും കുരുത്ത ഉപ്പും സമം കൂട്ടികാടിവെള്ളത്തിൽ തിളപ്പിച്ചു പുരട്ടുക.

4. ഉന്നങ്ങചരിയും മഞ്ഞളും കൂട്ടിതിരുമ്മി പാലിൽ പുഴുങ്ങി പുരട്ടുക

5. എരുമച്ചാണകം വറുത്തുപൊടിച്ചു പുരട്ടുക.

6. കൊട്ടം പലം അര, കാട്ടുജീരകം പലംഅര, സമ്പ്രൻ പലംഅര, കിളിഞ്ഞിലിൻ തൊലി പലം അര. ഇവ കൂട്ടിഅരച്ചു എരുമമൂത്രത്തിൽ കലക്കിതിളപ്പിച്ചു പുരട്ടുക.

കുതിരയുടെ മുതുക് ഉളുക്കിയാൽ ചെയ്യേണ്ടുന്ന ചികിത്സ :—

പെരിങ്കുരുമ്പും ചവക്കാരവും കൂട്ടി അരച്ചു മുതുകിൽ പുരട്ടി ചാണവള്ളി പഴപ്പിച്ചിട്ടാൽ ഭേദം വരുന്നതാണ്.

വ്രണങ്ങൾക്ക് ചികിത്സ :—

തുരിശ് പലം ഒന്ന്, പടിക്കാരം പലം ഒന്ന്, ചൂടൻ കർപ്പൂരം പലം ഒന്ന്. ഇവ ഇരുപതിടങ്ങഴി പച്ചവെള്ളത്തിൽ കലക്കി അതുകൊണ്ടു പുണ്ണുകഴുകിക്കൊള്ളണം.

ചില്ലറ പുണ്ണുകൾക്ക് ഇടേണ്ടുംപൊടി:—

തുവരപ്പരുപ്പ് ഇടങ്ങഴി അര, പെരുങ്കുരുമ്പ് പന്ത്രണ്ട്. ഇതു രണ്ടുംകൂടെ വറുത്തുകരിച്ചു പൊടിച്ച് ഇട്ടുകൊള്ളണം.

വലുതായിട്ടുള്ള പുണ്ണുകൾക്ക്മരുന്ന് :—

1. ഒരുകെട്ടു പുകയിലയും ഒരുറാത്തൽ ചിതൽപുററും ഒരുപലം ചൂടൻ കർപ്പൂരവും കാൽപലം കറുപ്പും ഒരുറാത്തൽ കഞ്ചാവിൻെറ ഇലയും ഒരുപലം പപ്പടക്കാരവും കൂട്ടി ഓട്ടുകലത്തിൽ ഇട്ടുവറുത്തു ശീലപ്പൊടിയാക്കി പുണ്ണിൽ വിതറുക. എല്ലാ പുണ്ണുകളും ഈമരുന്നിനാൽ ഭേദമാകുന്നതാണ്.

2. പുകയില കെട്ട് ഒന്ന്, ചൂടൻകർപ്പൂരം, അയമോദകം, ചിതൽപുററ്, പപ്പടക്കാരം ഇവ ഓരോപലം; കറുപ്പ് കഴഞ്ച് മൂന്ന്, ഇവകൾ ഒന്നിച്ചു ശീലപ്പൊടിയാക്കി മുറിയിൽ വിതറുക.

3. കർപ്പൂരം, പടിക്കാരം, തുരിശ്, ഇവ ഓരോറാത്തൽ ഒന്നിച്ചു പൊടിച്ചു മുപ്പത്താറ് ഇടങ്ങഴി വെള്ളത്തിൽകലക്കി ഇരുപത്തൊന്നു ദിവസം അടച്ചുകെട്ടി വെച്ചതിൽപിന്നെ വ്രണങ്ങളിൽ ധാരക്ക് ഉപയോഗിക്കുക. മേൽപറഞ്ഞവിധം ധാരയിട്ടാൽ എല്ലാവ്രണങ്ങളും വേഗത്തിൽ ആറുന്നതാണ്.

4. പുണ്ണുകൾ ഉണങ്ങാതിരുന്നാൽ തൈരും ഉണങ്ങലരിച്ചോറും കൂട്ടിക്കുഴച്ചു പുരട്ടി തുണിചുററി (Bandage) ഇടുക.

5. രണ്ടുകഴഞ്ച് സിന്ദൂരവും ഒരുകഴഞ്ച് കോൽതുത്തും കൂട്ടി പൊടിച്ചു ഏഴുകഴഞ്ച്മെഴുകും ഉരിനെയ്യുംകൂട്ടി ഉരുക്കിയതിൽ ചേർക്കുക. പിന്നീട് അലക്കിയശീല ഒരുചാൺ സമചതുരത്തിൽ മുറിച്ചെടുത്ത് മേൽപറഞ്ഞ മരുന്നിൽമുക്കി ഉണക്കിതിരിയാക്കി കത്തിച്ചു അതിൽ നിന്നുവരുന്ന പുക പുണ്ണിൽ ഏല്പിക്കുക.

കുളമ്പിൽ ഉണ്ടാകുന്ന പുണ്ണുകൾക്ക് മരുന്ന് :—

1. ഒരുകഴഞ്ച് തുത്തും ഒരുകഴഞ്ച് തുരിശും പൊടിച്ചു ചെറുനാരങ്ങ നീററിൽകലക്കി പുരട്ടുക.

2. ഒരുപലം പുകയിലയും ഒരു ചുണ്ടങ്ങയോളം ചുണ്ണാമ്പും ഒരു കഴഞ്ച് കർപ്പൂരവും കൂട്ടി വറുത്തുപൊടിച്ചു കാലത്തും ഉച്ചക്കും വൈകീട്ടും പുണ്ണുള്ളഭാഗത്തു വിതറുക.

3. ഇല്ലനക്കരി രണ്ടുപലവും മാടോട് ചുട്ടുപൊടിച്ചപൊടി രണ്ടു പലവും പുകയില ചുട്ടുപൊടിച്ചപൊടി രണ്ടുപലവും പെരുങ്കുരുമ്പ് ചുട്ടുപൊടിച്ചപൊടി രണ്ടുപലവും കൂട്ടി ഒരുകലത്തിലിട്ടു വറുത്തു ശീലപ്പൊടിയാക്കി കുതിരയുടെ കുളമ്പിൽ രണ്ടുനേരവും വിതറുക.

കുതിരയുടെ കുറക്കിന് ദീനംവന്നാലുള്ള ലക്ഷണം :—

വയറുവീക്കകയും മലമൂത്രങ്ങൾ പോകാതിരിക്കുകയും കിടന്നുരുളുകയും നട്ടുഞെളിക്കയും വാല്‌വിരിക്കയും അധികമായി കിതക്കുകയും കയ്യുംകാലും വിറക്കുകയും ചെയ്യും. മേൽവിവരിച്ച ലക്ഷണങ്ങൾ കണ്ടാൽ ചെയ്യേണ്ടുന്ന ചികിത്സ താഴേക്രമത്തിൽ വിവരിച്ചിരിക്കുന്നു.

1. പുകയില ഒന്ന്, കപ്പൽമുളക് ഇരുപത്തേഴ്, ആവണക്കിൻ വേരിൻ തൊലി ഒരുപിടി, വഴുതിന വേരിൻതൊലി ഒരുപിടി, എരിക്കിൻ വേരിൻതൊലി ഒരുപിടി ഇവകൾ കൂട്ടിതിരുമ്മി കൊടുക്കുക.

2. നാല് ഉരുപ്പികത്തുക്കം നല്ലമുളക് പൊടിച്ചു രണ്ടുതവി നെയ്യിൽകലക്കി കൊടുക്കുക. പിന്നീട് വെളിയിൽകൊണ്ടുപോയി നല്ലവണ്ണം തിരുമ്മുക.

3. ചെറിയ പശുക്കുട്ടികളുടെമൂത്രം അരേരശ്ശ പ്ലാവില രണ്ടു മൂക്കിലും നസ്യംചെയ്തു കൊള്ളുക.

4. പച്ചക്കപ്പൽമുളക് അരികൂടാതെ എടുത്ത് ഒരുശീലയിൽ തിരുമ്മി തിരിതെറച്ചു മലദ്വാരത്തിലും മൂത്രദ്വാരത്തിലും കുറേശ്ശ കടത്തിയാൽ മൂത്രവും മലവും പോകുന്നതാണ്.

5. വാലിൻെറകട കൈവെച്ചാൽ പൊള്ളാത്ത ചൂടുവെള്ളത്തിൽ മുക്കുക.

കുതിരക്ക് ശൂലദീനം വന്നാലുള്ള ലക്ഷണം :—

തെരുതെരെ കിടക്കുകയും എഴുന്നേല്ക്കുകയും വാലിട്ടടിക്കയും രോമങ്ങൾ തരിക്കയും കണ്ണിൽ ദീനതകാണുകയും ചുണ്ട് വിരിക്കുകയും

പുല്ലും കാണവും തിന്നാതെ നിൽക്കുകയും ചെയ്യും. മേൽപറഞ്ഞ ലക്ഷണങ്ങൾ കണ്ടാൽ ചെയ്യേണ്ടും ചികിത്സ:—

ഉണങ്ങലരി പൊടിച്ചപൊടി നാലുറുപ്പികത്തൂക്കം തുമ്പനീററിൽ കുഴച്ചുരുട്ടി ഏഴരയ്ക്കുനാഴിക ചെല്ലുമ്പോൾ ഓരോ ഉരുളവീതം കൊടുക്കുക. ഈ ചികിത്സ ഫലിക്കാതെ വന്നാൽ താഴെവിവരിച്ച ചികിത്സകൾ ചെയ്യാവുന്നതാണ്.

1. രണ്ടുവരാഹൻ തൂക്കം കായം, ആറുപണത്തൂക്കം കറുപ്പ്, ഒരുപിടി തുളസിയില. ഇതുമൂന്നുംകൂടി കൊടുക്കുക.

2. ഒരുകഴഞ്ച് വെളുത്ത ഉള്ളിയും ഒമ്പതു കഴഞ്ച് ഗുൽഗുലുവും പതിനെട്ടു കഴഞ്ച് നല്ലമുളകും പതിനെട്ട് കഴഞ്ച് കടുക്കയും വേലിപരുത്തിയിലനീററിൽ ഏഴുപ്രാവശ്യം അരച്ചു എട്ടെട്ടുപണത്തൂക്കം തൂക്കി ഗുളികയാക്കി ഉരുട്ടി ഏഴുദിവസം രാവിലേയും വൈകീട്ടും ഓരോ ഗുളികവീതം കൊടുക്കുക.

3. മൂന്നുറുപ്പികത്തൂക്കം ചുക്കും ഒരുറുപ്പികത്തൂക്കം പൊങ്കാരവും ഒരുറുപ്പികത്തൂക്കം ഇന്തുപ്പും അര ഉറുപ്പികത്തൂക്കം ഗുൽഗുലുവും പൊടിച്ചു മുരുക്കിൻതൊലി നീററിൽ കുഴച്ചു കൊടുക്കുക.

"അറുകവായു" എന്ന ദീനത്തിൻെറ ലക്ഷണം :—

വൃഷണം ഒന്നു മേല്പോട്ടുകയറിയിരിക്കുകയും കുതിര പന്തിയിൽ വിലങ്ങനെ നടക്കുകയും നടക്കുന്നവഴിയിൽ വീഴുകയും ചെയ്യും.

മേൽപറഞ്ഞ ദീനത്തിന്നു ചികിത്സ :—

1. ഏഴുറുപ്പികത്തൂക്കം കാട്ടുജീരകം ഒരുപിടി കഴഞ്ചി ഇല ഇവകൂട്ടി ഇടിച്ചുരുട്ടി രാവിലേയും വൈകീട്ടും കൊടുക്കുക.

2. ഒരുറുപ്പികത്തൂക്കം കായവും രണ്ടുറുപ്പികത്തൂക്കം വെള്ളുള്ളിയും ഏഴുറുപ്പികത്തൂക്കം ആവണക്കിൻ വേരിൻ തൊലിയുംകൂട്ടി ഇടിച്ചു ഓരോ ഉരുള രാവിലേയും വൈകീട്ടും കൊടുക്കുക.

3. ഒരുതവി ആവണക്കെണ്ണയും ഒരുകഴഞ്ച് കഴഞ്ചിക്കുരുപ്പരിപ്പും അര ഉറുപ്പികത്തൂക്കം കായവും കൂട്ടി കൊടുക്കുക,

"ധടുക്ക" എന്ന ദീനത്തിൻെറ ലക്ഷണം :—

ഉടൽ വിറക്കുകയും ചെവി തണുക്കുകയും മൂക്കുവിടർത്തി കിതക്കുകയും അടിവയറും പുറവും വിറക്കുകയും തെരുതെരെകിടന്നു എഴുന്നേല്ക്കുകയും നെഞ്ഞത്തു കൈവെച്ചുനോക്കിയാൽ തെറിക്കയും ഉടൽ വിയർക്കുകയും മലത്തിൽ ചലവും ചോരയും കാണപ്പെടുകയും ചെയ്യും.

ഈവക ലക്ഷണങ്ങൾ കണ്ടാൽ ചെയ്യേണ്ടുന്ന ചികിത്സ:—

1. നല്ലമുളക് പലം നാല്, കരിമ്പിൻ ശർക്കര പലം നാല് ഇഞ്ചി പലംമൂന്ന്, ഇവകൾ വെവ്വേറെപൊടിച്ചു മൂന്നുംകൂട്ടി അരച്ചു രണ്ടുസമഭാഗങ്ങളാക്കി ഉരുട്ടി കാലത്തും വൈകുന്നേരവും കൊടുക്കുക. ഇങ്ങിനെ മൂന്നുദിവസം ചെയ്യുക. മൂന്നുദിവസത്തേക്കുള്ള മരുന്ന് ഒന്നിച്ചു തയ്യാറാക്കാവുന്നതാണ്. ഈമരുന്ന് കൊടുക്കുന്നദിവസങ്ങളിൽ വെള്ളം തിളപ്പിച്ചുആറിച്ചേ കൊടുക്കാവൂ.

2. നല്ല പെരിങ്കായം, കൊട്ടം, കടുകുരോഹണി, പൊങ്കാരം മുളക്, ഒററച്ചുള വെളുത്തവെങ്കായം, കടുക്, ഇഞ്ചി, ഇവ ഓരോന്നും ഇരുപത്തിനാലുകഴഞ്ചുവീതം തൂക്കി എടുക്കുക. മേൽപറഞ്ഞവകളിൽ കൊട്ടം, മുളക്, കടുകുരോഹണി, ഇവ മൂന്നും ശീലപ്പൊടിയാക്കുക. പൊങ്കാരം ചാണകത്തിൽ തിരുമ്മിക്കഴുകി ഇരിമ്പുപാത്രത്തിൽ പൊരിച്ചെടുക്കുക. ഇരുപത്തിനാലുകഴഞ്ച് കടുകിൽ പകുതി വറുത്തും ശേഷം പച്ചയായും എടുക്കുക. ശേഷം മരുന്നുകൾ എല്ലാം ഒന്നിച്ചുപൊടിച്ചു പിന്നീട് എല്ലാംകൂട്ടിച്ചേർത്തി ഒരുറാത്തൽ ഇഞ്ചി പിഴിഞ്ഞനീരിൽ മൂന്നാവർത്തി അരച്ചു ഒരു പച്ചടക്കപ്രമാണം ഉരുട്ടി ദീനം ഏററമുള്ളപ്പോൾ ദിവസേന രണ്ടുനേരവും ഓരോ ഉരുളവീതവും ദീനത്തിന്നു കുറെശമനം വന്നാൽസുഖപ്പെടുന്നതുവരെ ദിവസംതോറും രാവിലെമാത്രം ഓരോ ഉരുളവീതവും കൊടുക്കുക. ദീനം നല്ലവണ്ണം ഭേദമാകുന്നതുവരെ കാണം കൊടുക്കുവാൻ പാടുള്ളതല്ല. വെള്ളംതിളപ്പിച്ചു ആറിച്ചേ കൊടുക്കാവൂ.

3. രണ്ടുറുപ്പികത്തൂക്കം ഇഞ്ചിയും ആറുറുപ്പികത്തൂക്കം കൊത്തമ്പാലരിയും മൂന്നുറുപ്പികത്തൂക്കം വെടിയുപ്പും മൂന്നുറുപ്പികത്തൂക്കം ഇന്തുപ്പും വെള്ളത്തിൽ നന്നായി അരച്ചു ഉരുട്ടി മൂന്നുകൂറിട്ടു അതിൽ ഒരുകൂറെടുത്തു ഓരോനേരം കൊടുക്കുക. ഈ മരുന്നു കൊടുക്കുമ്പോൾ

ഉച്ചക്കു വെള്ളംകൊടുക്കുന്നതിന്നു് രണ്ടുനാഴികമുമ്പെ ഒരുറുപ്പികത്തൂക്കം കടുകരോഹണിയും ഒരുറുപ്പികത്തൂക്കം ഗുൽഗുലുവും മൂന്നുറുപ്പികത്തൂക്കം വിഴാലരിയും മൂന്നുറുപ്പികത്തൂക്കം കാട്ടുജീരകവും ആറുറുപ്പികത്തൂക്കം നല്ലമുളകും ഒരുപിടി കഴഞ്ചി ഇലയുംകൂട്ടി ഇടിച്ചു, വെള്ളത്തിൽകുഴച്ച് മൂന്നുകുറിട്ടു അതിൽ ഒരുകുറു കൊടുക്കണം. വെള്ളം കുടിച്ചില്ലെങ്കിൽ മുളകൊണ്ടുകുഴലുണ്ടാക്കി വായിൽ സൂക്ഷിച്ചു, ഒഴിച്ചു കൊടുക്കുക.

മേൽപറഞ്ഞ ചികിത്സ ഫലിക്കാതെ വന്നാൽ ഒരുറുപ്പികത്തൂക്കം സിന്ദൂരവും പത്തുറുപ്പികത്തൂക്കം കാത്തും കൂട്ടി ഇഞ്ചിച്ചാറിൽ ഇരുപത്തൊന്നു പ്രാവശ്യം അരച്ചു, ഓരോ മുളകുകുരു പ്രമാണം ഉരുട്ടി ഓരോ ഉരുളവീതം രാവിലേയും വൈകീട്ടും കൊടുക്കുക. ഈ മരുന്നു കൊടുക്കുമ്പോൾ ഉച്ചക്ക് വെള്ളംകൊടുക്കുന്നതിന്നുമുമ്പ് പന്ത്രണ്ടു ഉറുപ്പികത്തൂക്കം നല്ലമുളകും രണ്ടുറുപ്പികത്തൂക്കം കാട്ടുജീരകവും രണ്ടു ഉറുപ്പികത്തൂക്കം കടുകരോഹണിയും രണ്ടുറുപ്പികത്തൂക്കം മഞ്ഞളും പന്ത്രണ്ടുറുപ്പികത്തൂക്കം കറുവാഴയുടെ അകത്തേക്കൂമ്പുംകൂട്ടി അരച്ച് അതിനെ മൂന്നുസമഭാഗമാക്കിയതിൽ ഒരുഭാഗം കൊടുക്കുക.

"കാട്ടുവാവലി" എന്ന ദീനത്തിന്റെ ലക്ഷണം :--

നീരിനാൽ വൃഷണം വീക്കും. നീര് ക്രമേണ നെഞ്ഞത്തും സന്ധുക്കളിലും വരികയും മൂത്രംപോകുമ്പോൾ വേദന ഉണ്ടാവുകയും ദുസ്സഹമായ സഞ്ചാരം ഉണ്ടാവുകയും തന്നിമിത്തം കുതിര പുല്ലും കാണവും തിന്നാതെയിരിക്കയും ചെയ്യും. മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കണ്ടാൽ ചെയ്യേണ്ടും ചികിത്സ :--

1. കടുകരോഹണി, കൊട്ടം, കൊലഞ്ചം, പൊങ്കാരം പൊരിച്ചതു്, കസ്തൂരിമഞ്ഞൾ, പടിക്കാരം. ഇവ ഓരോന്നും ആറുറുപ്പികത്തൂക്കം കൂട്ടിപൊടിച്ചു് ചാരായത്തിൽ കുഴച്ച് പതിനഞ്ച് സമഉരുളകളാക്കി ഓരോ ഉരുളവീതം ദിവസംതോറും രണ്ടുപ്രാവശ്യം കൊടുക്കുക. ഈ സമയത്ത് വെള്ളംകാച്ചി ആറിച്ചുകൊടുക്കേണ്ടതാണ്. ഈ ചികിത്സ നടക്കുമ്പോൾ പുല്ലും മുതിരയും കൊടുക്കരുതു്. വയ്ക്കോൽ കൊടുക്കാം.

2. കാട്ടുജീരകം, കടുകരോഹണി, പെരുങ്കായം,കൊട്ടം, തിപ്പലി, തിപ്പലിമൂലം, നല്ലമുളക്, കഴഞ്ചിക്കുരുപ്പരുപ്പ് ഇവ ഓരോന്നും ഇരുപത്തുനാലീത പലം; കടുക്ക, അയമോദകം, അതിവിടയം, വയമ്പ്, പടവുമുളക് ഇവ ഓരോന്നും ഏഴേഴ പലം; എല്ലാം ഒന്നിച്ചു കൂട്ടി ഇടിച്ച് ഓരോമാങ്ങയുടെ വലിപ്പത്തിൽ ഉരുട്ടിക്കൊടുക്കുക. 1-ാം ചികിത്സകൊണ്ടു് ദീനം സുഖപ്പെടാതിരുന്നാൽ 2-ാം ചികിത്സ നടത്താവുന്നതാണ്.

കുതിരക്കു ചുമവന്നാൽ കൊടുക്കേണ്ടും മരുന്നുകൾ :--

1. ഇല്ലി ഇല പിടിഒന്നു്, നല്ലമുളക് രണ്ടുറുപ്പികത്തൂക്കം ഇതു രണ്ടുംകൂട്ടി ഇടിച്ചു കൊടുക്കുക.

2. എരിക്കിന്റെ പഴുത്തഇല രണ്ടര എണ്ണം കൊടുക്കുക.

3. ചുവന്നഉള്ളി പലം ഇരുപത്തിനാല്, എള്ളുപലം ഏഴ്, കഞ്ചാവുപലം മൂന്നര; ഇവ എല്ലാം ഇടിച്ചുചേർത്ത് ഓരോ മാങ്ങയോളം രണ്ടു് നേരവും കൊടുക്കുക.

"ശെമ്പാ" എന്ന ദീനത്തിന്റെ ലക്ഷണം :--

മൂക്കിൽനിന്നു വെള്ളവും ചലവുംചാടുകയും, കടക്കണ്ണിൽ പീള കെട്ടുകയും, തലതാഴ്ത്തി നില്ക്കുകയും പുല്ലും കാണവും ശരിയായി തിന്നാതിരിക്കുകയും ചെയ്യും.

മേൽപ്പറഞ്ഞ ദീനത്തിന്നു ചികിത്സ:--

1. ഒരുകഴഞ്ചു് കറുപ്പ്പുല്ലിൽപൊതിഞ്ഞു കൊടുക്കുക.

2. കടുക്, നല്ലമുളക്, വെള്ളുള്ളി ഇവ ഓരോന്നും ഇരുപത്തിനാലുറുപ്പികത്തൂക്കം കൂട്ടി ഇടിച്ച് അഞ്ചുരുളകളാക്കി രാവിലേയും വൈകീട്ടും ഓരോ ഉരുളവീതം കൊടുക്കുക. ഈ ചികിത്സ നടക്കുമ്പോൾ വെള്ളംതിളപ്പിച്ചു ആറിച്ചു കൊടുക്കണം. കാണവും പുല്ലും കൊടുക്കരുതു്. വയ്ക്കോൽമാത്രമെ കൊടുക്കാവൂ. മേൽപ്പറഞ്ഞ ചികിത്സ നടത്തുന്നതോടൊപ്പം താഴെ വിവരിച്ച പ്രകാരം മൂക്കിലും മരുന്ന് ഏല്പിക്കേണ്ടതാകുന്നു.

(എ) കണ്ടകാരി, കൊടകപ്പാലരി, തിപ്പലി, തിപ്പലിമൂലം, അയമോതകം ഇവ ഓരോന്നും പലംഅര ഒന്നിച്ചു ചേർത്തിശീലപ്പൊടിയാക്കി രാവിലേയും വൈകുന്നേരവും മൂക്കിൽ ഊതുക.

(ബി) കമ്പിളികൊണ്ടു തിരിയുണ്ടാക്കി കത്തിച്ചു ഉടൻ ഊതിയാൽ ഉണ്ടാകുന്ന പുക മൂക്കിൽ ദിവസത്തിൽ മൂന്നുനേരവും ഏല്പിക്കുക.

3. വെള്ളവെങ്കായം പലംനാലും കടുക് പലംനാലുംകൂട്ടി ഇടിച്ചു തേനിൽ കുഴച്ചു ഓരോ ചെറുനാരങ്ങ പ്രമാണം ഉരുട്ടി ദിവസത്തിൽ ഓരോ ഉരുളവീതം ഏഴുദിവസം കൊടുക്കുക.

മേൽപറഞ്ഞ മരുന്ന് കൊടുക്കുന്നതോടപ്പം കണ്ടകാരിപ്പഴത്തിൻെറ കുരു ആട്ടിൻപാലിൽ അരച്ചുകലക്കി അരിച്ചു മൂന്നുദിവസത്തോളം ഓരോനേരവും മൂക്കിൽ പിഴിയണം. ഈചികിത്സ നടക്കുന്ന സമയം വെള്ളം തിളപ്പിച്ചു ആററി ദിവസത്തിൽ ഒരുനേരംമാത്രം കൊടുക്കുക.

കുതിരയെ കുളിപ്പിക്കുന്നാക്രമം :—

(എ) സാധാരണകുളിക്ക്:--

1. ദീനമില്ലാത്ത കുതിരയെ എട്ടുനാളിൽ ഒരിക്കൽ ചീനിക്കപ്പൊടി തേപ്പിച്ചുകുളിപ്പിക്കാവുന്നതാണ്. കാച്ചിയവെള്ളംകൊണ്ടോ പഴയവെള്ളംകൊണ്ടോ കുളിപ്പിക്കാം.

2. കോഴിമുട്ട പതച്ച് ആ പത മേൽതേച്ച് കുളിപ്പിക്കാം.

3. ദേഹത്തിൽ ചളിയുണ്ടെങ്കിൽ ഒരിടങ്ങഴി ചീനിക്കയും അര ഇടങ്ങഴി അരിപ്പൊടിയും കൂട്ടി പുഴുങ്ങിചാറെടുത്ത് മേൽതേച്ചു കാച്ചിയ വെള്ളംകൊണ്ടു കുളിപ്പിക്കുക.

4. രോമം ദേഹത്തിൽ ജാസ്തിയാണെന്നു തോന്നുന്നപക്ഷം പുളിച്ചമോർതേച്ചു കുളിപ്പിക്കുക.

5. രോമം കൊഴിയുന്നതിന്ന് ഞെങ്ങൽ കാടിവെള്ളംകൊണ്ടു് കുളിപ്പിക്കുക.

6. ദേഹത്തിൽ പേൻ നിറഞ്ഞാൽ ഓർപുളിയില്ലാത്തവയലിലെ ചളിപുരട്ടി നല്ലവണ്ണം ഉണങ്ങിയതിൽപിന്നെ കാച്ചിയ വെള്ളം കൊണ്ടുകുളിപ്പിക്കുക.

7. കുതിരയുടെ ഹയാലും വാലും നീളംവെക്കേണമെങ്കിൽ പഴയ വെള്ളംകൊണ്ടു കുളിപ്പിക്കുക.

8. ഹയാലിലും വാലിലും ഉള്ളരോമങ്ങൾ കൊഴിയുന്നതിന്ന് കഞ്ചാവ് ചേർത്തവെള്ളം രോമംപോയ ഇടങ്ങളിൽ തേച്ചുകുളിപ്പിക്കുക. ഇല്ലെങ്കിൽ മുളക് പാലിൽഅരച്ചു മേൽപറഞ്ഞ ഇടങ്ങളിൽ തേച്ചു ലെന്നതിന്നുശേഷം നല്ലവണ്ണം തേച്ചുകുളിപ്പിക്കുക.

9. കുതിരയുടെ രോമങ്ങൾക്ക് ഭംഗിവരേണ്ടുന്നതിന്നു പാലും നല്ലമുളകുപൊടിയും കലർത്തിയവെള്ളം വെയിലത്തുവെച്ചു ചൂടുപിടിപ്പിച്ചു കുളിപ്പിക്കുക.

(ബി) ചൊറിയുള്ളപ്പോൾ :—

1. ചവർക്കാരവും പാലുംകൂട്ടി തേച്ചുകുളിപ്പിക്കുക.
2. നല്ലമുളകുപൊടിയും പാലുംതേച്ചു കുളിപ്പിക്കുക.
3. കഞ്ചാവും പുകയിലയും കൂട്ടി വെള്ളംതിളപ്പിച്ചു പിഴിഞ്ഞു മേൽതേച്ചു കുളിപ്പിക്കുക.
4. പുളിച്ച ഞെങ്ങൽകാടി വെള്ളം മേൽതേച്ചുകുളിപ്പിക്കുക.
5. ഹയാലിലും വാലിലും ചൊറിയുണ്ടെങ്കിൽ കപ്പൽമുളകും ഉപ്പും കൂട്ടി അരച്ചു തൈരിൽകലക്കി ചൊറിയുള്ള ഭാഗങ്ങളിൽ തേച്ചു നാലു ദിവസത്തിൽ ഒരിക്കൽ കുളിപ്പിക്കുക.

———

II

ഒട്ടകങ്ങൾക്ക് ചികിത്സ

ഭക്ഷണത്തിന്നു രുചിക്കുറവുള്ളപ്പോൾ കൊടുക്കുവാൻ മരുന്നു് :--

ഒരുപലം ഉപ്പും, ഒരുപലം കാട്ടുജീരകവും കൂട്ടി പൊടിച്ചു കൊടുക്കുക.

വെള്ളംകുടിക്കാതെയിരുന്നാൽ കൊടുക്കേണ്ടും മരുന്നു് :—

1. കററുവാഴയുടെ തണ്ടുപൊളിച്ചു നല്ലമുളകും അയമോദകവും കാട്ടുജീരകവും കറുത്ത ഉപ്പുംകൂട്ടിയിട്ടടച്ചു തീയ്യിലിട്ടു ചുട്ടെടുത്തു് ഉരുട്ടി കൊടുക്കുക.

2. ചുക്ക്, കടുകുരോഹണി, തിപ്പലിമൂലം, കായം, ഇവ ഓരോന്നും ഓരോ ഉറുപ്പികത്തൂക്കം; കടുക് ആറുറുപ്പികത്തൂക്കം; വിഴാലരി, നല്ലമുളക് ഇവ ഓരോന്നും നാന്നാലുറുപ്പികത്തൂക്കം; കറുപ്പ്, പൊങ്കാരം ഇവരണ്ടും ഓരോ ഉറുപ്പികത്തൂക്കം; ഈ മരുന്നുകൾ മുരിങ്ങാത്തോലി നീററിൽ അരച്ചു കഴഞ്ചിക്കുരു പ്രമാണം ഗുളികകളാക്കിയുരുട്ടി നിഴലിൽ ഉണക്കി ദിവസത്തിൽ രണ്ടു ഗുളികവീതം കൊടുക്കുക.

3. കറുപ്പ് പണത്തൂക്കം രണ്ടു്; ചവൽക്കാരം പണത്തൂക്കം എട്ടു്; പൊൻകാരം പൊരിച്ചപൊടി ഒരുവരാഹൻ തൂക്കം; ചുക്ക് ഒരുറുപ്പികത്തൂക്കം; ഗുൽഗുലു ഒരുവരാഹൻ തൂക്കം; ശക്കര അഞ്ചുറുപ്പികത്തൂക്കം കൂട്ടി ഇടിച്ചുകൊടുക്കുക.

4. കടുകരോഹണി, കൊട്ടം, കൊലഞ്ചം, പൊൻകാരം പൊടിച്ചപൊടി, കസ്തൂരി, മഞ്ഞൾ, പടിക്കാരം ഇവ ഓരോന്നും ആറുറുപ്പികത്തൂക്കം എടുത്തു് പൊടിച്ചു ചാരായത്തിൽ കുഴച്ചു് സമം പതിനഞ്ചുരുളകളാക്കിയുരുട്ടി ദിവസംതോറും രാവിലേയും വൈകുന്നേരവും ഓരോ ഉരുളവീതം ഏഴുദിവസം കൊടുക്കുക. ഈമരുന്നു് കൊടുക്കുമ്പോൾ വെള്ളംതിളപ്പിച്ചു ആറിച്ചുകൊടുക്കുകയും വൈക്കോൽ മാത്രം കൊടുക്കുകയുംവേണം.

നാവിന്മേൽ മുള്ളു (growth) വന്നാൽ ചെയ്യേണ്ടും ചികിത്സ :—

നാവുപിടിച്ചു വെളിയിൽ നീട്ടിനാവു മുറിയാതെ കത്തിരികൊണ്ടു മുള്ളുവെട്ടി എടുക്കുക. പിന്നീടു് ഏലത്തരി, കാത്തു്, ഇവ ഈരണ്ടുറുപ്പികത്തൂക്കവും മൊളങ്കല്ലു് ഒരുറുപ്പികത്തൂക്കവും ചേർത്തിപ്പൊടിച്ചുനാവിന്മേൽ തേക്കുക.

ദേഹത്തിൽ ചൊറിവന്നാൽ ചെയ്യേണ്ടും ചികിത്സ :—

നാലുപലം ഗന്ധകം, നാലുപലം കസ്തൂരിമഞ്ഞൾ, രണ്ടുപലം കൊട്ടം ഇവ ശീലപ്പൊടിയാക്കിനാലിടങ്ങഴി എണ്ണയിലിട്ടു് ഇളക്കി തുണിമുക്കി ദേഹത്തിൽ ചൊറിയുള്ളഭാഗങ്ങളിൽ തേച്ചു ഒരുദിവസം വെയിത്തുകെട്ടി നാലാംദിവസം ഓർപ്പുളിയില്ലാത്ത വയലിലെ ചളി ദേഹത്തിൽ പുരട്ടി പിന്നീടു് രണ്ടുദിവസം വെയിലത്തുകെട്ടി മൂന്നാം ദിവസം കാലത്തു കുളത്തിൽകൊണ്ടുപോയി നല്ലവണ്ണം കുളിപ്പിക്കുക. കുളിപ്പിച്ചതിൽ പിന്നെ ഒട്ടകത്തെ നിഴലുള്ളസ്ഥലത്തു് കെട്ടണം. പിന്നീടു് മൂന്നിടങ്ങഴി ഒണങ്ങലരി വേവിച്ചു് അതിൽ രണ്ടിടങ്ങഴി തൈരും രണ്ടുപലം ചുകന്ന ഉള്ളിയും ഒരുപലം ജീരകവും ഇട്ടു ഇളക്കി കൊടുക്കുക. ഇങ്ങിനെ മൂന്നുദിവസം കൊടുക്കുക. എന്നാൽ ചൊറിക്കു ഭേദം കാണുന്നതാണു്.

മൂക്കിൽനിന്നു ചളിയും വെള്ളവും വരുന്നതിന്നും തിന്നാതെ
തല മേല്പോട്ടുപൊക്കി നില്ക്കുന്നതിന്നും ചെയ്യേണ്ട ചികിത്സ :—

നടുനെററിക്കു നീളത്തിൽ ഒരുചൂടുംവെലങ്ങനെ രണ്ടുചൂടും വെക്കുക. പിന്നീടു് താഴെ എഴുതിയമരുന്നു കൊടുക്കുക. രണ്ടുപലം വെളുത്ത ഉള്ളി, രണ്ടുപലം അയമോദകം, ഒരുപലം കാട്ടുജീരകം, ഒരുപലം കടുക് ഇവകൂട്ടി ഇടിച്ചു രണ്ടുരുളകളാക്കി ഉരുട്ടി രാവിലേയും വൈകുന്നേരവും കൊടുക്കുക. എന്നാൽ മാറുന്നതാണു്. സുഖക്കേടു സാരമില്ലെന്നു തോന്നുന്നപക്ഷം ചൂടുവെക്കരുതു്. രണ്ടുപലം വെളുത്ത ഉള്ളിയും രണ്ടുപലം കടുകും കൂട്ടി ഇടിച്ചു തലയിൽ പതിച്ചാൽ മതിയാകുന്നതാണു്.

മാസത്തിൽ രണ്ടുതവണ ഓരോപലം കഴഞ്ചി ഇലയും ഓരോ പലം അയമോതകവും, ഓരോപലം കാട്ടുജീരകവും കൂട്ടി കൊടുത്തുകൊള്ളണം. ഇതു് എല്ലാ വ്യാധികൾക്കും ഉത്തമം.

ഒട്ടകത്തിന്റെ മേൽപ്പഴുത്താൽ ചെയ്യേണ്ടുന്ന ചികിത്സ :—

കായവും പുകയിലയും കപ്പൽ മുളകും സമംകൂട്ടി അരച്ചു തേച്ചാൽ പുഴ പോകുന്നതാണ്. പുഴപോയതിന്നുശേഷം മഞ്ഞളും ഉപ്പുംകൂട്ടി നെയ്യിൽ അരച്ചു തേക്കുക.

ഒട്ടകത്തിന്ന് കാലുകളിലും കയ്യുകളിലും നീരു്വന്നാൽ ചെയ്യേണ്ടചികിത്സ :—

ചുകന്ന ഉള്ളി ചതച്ചു കിഴികെട്ടി നെയ്യിലിട്ടു തിളപ്പിച്ചു ഒത്തണം കൊട്ടുക്കുക. ഈ ചികിത്സ ഫലിക്കാതെ പോയാൽ ആശാളിയും ചവൽക്കാരവും കസ്തൂരിമഞ്ഞളും എരുമച്ചാണകവും കൂട്ടി തിളപ്പിച്ചു നീരുള്ള ഭാഗങ്ങളിൽ പതിക്കുക.

അടിവയററിലും മററും നീരുവന്നാൽ ചെയ്യേണ്ടും ചികിത്സ:—

കടുക്, കാട്ടുജീരകം, കഴഞ്ചിക്കുരുപ്പരുപ്പ് ഇവ ഓരോന്നും ഒന്നേകാൽപലം; കഴഞ്ചിയില രണ്ടുപിടി; ഇവ ഒന്നിച്ച് ഇടിച്ചു രണ്ടു ഉരുളകളാക്കി ഉരുട്ടി ഓരോ ഉരുളവീതം രണ്ടുനേരവും കൊട്ടുക്കുക. ഇതിന്നുപുറമേ ഇല്ലിയില ഇടിച്ചുപിഴിഞ്ഞ നീരിൽ കാവിമണ്ണുപൊടി ച്ചിട്ടു തിളപ്പിച്ചു ചൂടാറിയതിന്നുശേഷം നീരുള്ള ഭാഗങ്ങളിൽ പുരട്ടുകയുംവേണം.

ഒട്ടകത്തിന്ന് കണ്ണിൽ ദീനംവന്നാൽ ചെണ്ട ചികിത്സ :—

ഉപ്പും ഒണങ്ങലരിയും കൂട്ടിച്ചുവച്ചു കണ്ണിൽ തൂപ്പുക. അതു കൊണ്ടു് ഭേദം വന്നില്ലെങ്കിൽ പഴയമുളക് കൃഷ്ണതുളസിയുടെ നീരിൽ അരച്ചു ഗുളികയാക്കി ഉരുട്ടി ആ ഗുളിക കൃഷ്ണതുളസിയുടെ നീരിൽ തന്നെഅരച്ചു കണ്ണിൽ എഴുതിക്കൊണ്ടാൽ ഭേദംവരും.

ഒട്ടകത്തിന്ന ദേഹപുഷ്ടിവരുവാനുള്ള ടോണിക്ക് :—

1. മൂന്നിടങ്ങഴി ഉഴുന്നുവീതം അരച്ചുവേവിച്ചു കൈകൊണ്ടു നല്ല വണ്ണംകഴച്ചു് കൊട്ടുക്കുക. ഇങ്ങിനെ നാല്പതുദിവസം കൊടുത്താൽ ദേഹപുഷ്ടി വരുന്നതാണ്. മേൽപ്രകാരം ഉഴുന്നുകൊട്ടുക്കുമ്പോൾ ഓരോദിവസം ഇടവിട്ടു ഓരോപലം ഉപ്പുംകൂട്ടി കൊട്ടുക്കണം.

2. നല്ലമുളക് , വയമ്പ് , കണ്ടങ്കത്തിരി , കടുക് , കടുകു രോഹണി, കടുക്ക, കാട്ടുജീരകം, താന്നിക്ക; നെല്ലിക്ക, അയമോതകം, ഇവ ഓരോന്നും നന്നാലുറാത്തൽ; കൊടകപ്പാലരി, ചെറുപ്പുന്നരി, വിഴാലരി, ആശാളി, ഉലുവ, കൊട്ടം, ഗുൽഗുലു, തിപ്പലി, തിപ്പലിമൂലം, കായം, ഇവ ഓരോന്നും ഈരണ്ടു് റാത്തൽ; പെരുങ്കുരുമ്പ് റാത്തൽ കാൽ; പിളാശ്ശുംകുരു അല്ലെങ്കിൽ പിളാശിൻ തൊലി റാത്തൽ ഒന്ന്; കൃമിശത്രു റാത്തൽ ഒന്ന്, മാഞ്ചി റാത്തൽ അര, കോലരക്ക് റാത്തൽ കാൽ, ഇന്തുപ്പ് റാത്തൽരണ്ടു്, കറിയുപ്പ് റാത്തൽരണ്ടു്, ഇവ എല്ലാം കൂട്ടിപ്പൊടിച്ച് ഒരുപലം കറുപ്പുംകൂട്ടി മുമ്മൂന്നുപിടി എടുത്ത് എട്ടുദിവസത്തിൽ ഒരുപ്രാവശ്യം കൊട്ടുക്കുക. ഇതു് എല്ലാ വ്യാധികൾക്കും നന്ന്.

3. ചുമടു് എടുപ്പിച്ചതിന്നുശേഷം കൊടുപ്പാനുള്ള ടോണിക്ക് :—

(എ) ഒന്നരപ്പലം മഞ്ഞളും അരപ്പലം ഗുൽഗുലുവും അര ക്കഴഞ്ച് കറുപ്പും, ഒരുപലം ചുകന്നഉള്ളിയും മൂന്നുപലം കരിമ്പിൻ ശക്കരയും കൂട്ടി ഇടിച്ചുകൊട്ടുക്കുക.

(ബി) അര ഇടങ്ങഴി ചാരായത്തിൽ ഒരുറുപ്പികത്തൂക്കം കടുക രോഹണി പൊടിച്ചിട്ടു് കൊട്ടുക്കുക.